മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 25 THE ONLINE OFFICIAL NEWS BULLETIN 2026 June 18

SEASON OF PENTECOST പെന്തിക്കോസ്തികാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
21 3 4th Sunday after Pentecost	22 7	23 3	24  7 Birth of St. John the Baptist	25 3	26 7	27  3 Comme. of St. Cyril of Alexandria



അമേരിക്ക ഇറാൻ സമാധാന കരാർ പ്രത്യാശയുടെ പുതുവെളിച്ചം

യുദ്ധ സാഹചര്യത്തിന് വിരാമമിട്ട് അമേരിക്കയും ഇറാനും സമാധാന കരാറിൽ എത്തിച്ചേർന്നുവെന്ന വാർത്തയെ പ്രത്യാശയോടെയാണ് കാണുന്നത്. യേശു ക്രിസ്തു ലോകത്തിന് നൽകിയ ഏറ്റവും മഹത്തായ ദാനങ്ങളിലൊന്നാണ് സമാധാനം. ‘എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു‘ (യോഹന്നാൻ 14:27) എന്ന ക്രിസ്തുവിന്റെ വചനം ഇന്നും ലോകജനതയെ വഴിനടത്തുന്ന ദൈവീക സന്ദേശമാണ്. യുദ്ധവും വൈരാഗ്യവും പ്രതികാരവും മനുഷ്യനെ വിഭജിക്കുമ്പോൾ, സമാധാനവും സ്നേഹവും ക്ഷമയും മനുഷ്യരെ ഒന്നിപ്പിക്കുന്നു. ആയുധങ്ങളുടെ ശക്തിയേക്കാൾ സംഭാഷണത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും ശക്തി മഹത്തരമെന്ന് സമാധാന കരാർ ലോകത്തെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്, ‘സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും‘ (മത്തായി 5:9) എന്നാണ്. ക്രിസ്തുവിന്റെ സുവിശേഷം മനുഷ്യരാശിയെ പഠിപ്പിക്കുന്നതും ഈ വഴിയാണ്. യുദ്ധഭീതിയിലും അനിശ്ചിതത്വത്തിലും കഴിഞ്ഞിരുന്ന അനേകം കുടുംബങ്ങൾക്ക് സമാധാന കരാർ ആശ്വാസം പകരുമെന്ന് പ്രത്യാശിക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടരുന്ന സംഘർഷങ്ങൾക്ക് ശമനമുണ്ടാകാൻ ഈ കരാർ പ്രചോദനമാകട്ടെ. നീതിയിലും സത്യത്തിലും മാനവികതയിലും അധിഷ്ഠിതമായ ശാശ്വത സമാധാനം ലോകത്തിൽ സ്ഥാപിക്കപ്പെടുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

ദൈവത്തിന്റെ സമാധാനം മനുഷ്യകുലത്തിന് മേൽ വസിക്കട്ടെ.

പ്രത്യാശയോടെ.

– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



ആത്മീയതയെ ജ്വലിപ്പിക്കണം

കോട്ടയം: വേദശാസ്ത്ര ബോധനവും ആരാധനാ ജീവിതവും ആത്മീയതയെ ജ്വലിപ്പിക്കുവാനുമുള്ള പരിശീലനമാണെന്ന് സെമിനാരി വൈസ് പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത പറഞ്ഞു.

ഓർത്തഡോക്സ് സെമിനാരിയിലെ പുതിയ അദ്ധ്യയന വർഷാരംഭത്തിൽ വി. കുർബ്ബാനമദ്ധ്യേ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വേദശാസ്ത്രം പഠിക്കുന്നതിനു മാത്രമല്ല ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനുമുള്ളതാണ്. വിശ്വാസ ജീവിതത്തിലൂടെ ദൈവികമായ മുഖപ്രസന്നത നേടണം. ജീവിത്തെ അനുദിനം ക്രമപ്പെടുത്തുവാനും അനേകരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാനും കഴിയണം.

ക്രിസ്തുവിന്റെ തലയോളം വളരുന്ന പ്രക്രിയയാണ് ഓരോ കൂദാശയിലൂടെയും ലഭ്യമാകുന്നത്. ദൈവിക കൃപയാലുള്ള വളർച്ചയാണ് ആത്മീയ ജീവിതം.

ആത്മാവും ജ്ഞാനവും സാക്ഷ്യവുമുള്ള ശോഭയുള്ള വൈദികർ സഭയുടെ സമഗ്രമായ വളർച്ചയ്ക്ക് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

സന്ധ്യാനമസ്ക്കാരത്തിന് ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു.



പരുമല പള്ളിയിൽ പ്രവർത്തിക്കുന്ന സെന്റ് ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മദിനത്തോടനുബന്ധിച്ച് തിരുവല്ല ഗവൺമെന്റ് ആശുപത്രിയിലെ രോഗികൾക്കും അവരുടെ കൂടെയുള്ളവർക്കും സദ്യ നൽകി. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഉദ്ഘാടനം നിർവഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ് പ്രാർത്ഥിച്ച് ആശിർവദിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

16-1-1952. മദ്രാസ്. ഇന്നും ഡോക്ടർ വന്നു കുത്തിവച്ചു. ഉച്ചകഴിഞ്ഞ് ശെമ്മാശനെ അയച്ച് പൗലോസ് ജഡ്ജിയുടെ വിവരങ്ങൾ അറിഞ്ഞു. ഇവിടുത്തെ ട്രാൻസ്പോർട്ട് കമ്മീഷണർ ആയിരിക്കുന്ന പി. സി. മാത്യു (സി. പി. മാത്തന്റെ മരുമകൻ) വന്നിരുന്നു. നമ്മുടെ കാറിന്റെ കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. കാറു ടെസ്റ്റു ചെയ്ത് കേടുകൾ നന്നാക്കുന്നതിനും മറ്റുമായി കൊണ്ടുവരുന്നതിന് ടിയാൻ പറഞ്ഞു. വിവരത്തിന് കോട്ടയത്തിന് എഴുതി. കൽക്കട്ടായിലെ കുഴപ്പങ്ങൾ കാണിച്ച് ഇന്നു ശെമ്മാശന്മാരുടെ ഒരു എഴുത്തു വന്നിരുന്നു. (ബാവായ്ക്കു കത്ത് അയച്ചിരിക്കുന്നത് മലങ്കരസഭയിൽ നിന്നും പോയി കൽക്കട്ടായിലെ ബിഷപ്സ് കോളജിലും സെറാമ്പൂർ കോളജിലും പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളാണ്. - എഡിറ്റർ)

17-1-1952. മദ്രാസ്. രാവിലെ കുർബ്ബാന ഉണ്ടായിരുന്നു. വികാരിയച്ചൻ കുർബ്ബാന ചൊല്ലി. പത്തു മണിക്ക് ഡോക്ടർ വന്നു കുത്തിവച്ചു. പുത്തൻകാവു സ്കൂളിലെ പണം കെട്ടി വയ്ക്കുന്നതിന് 1450 രൂപായ്ക്കുള്ള ചെക്ക് ജോർജ് ശെമ്മാശൻ അയച്ചതും, പത്തനംതിട്ട നിന്നു ഗാക്കൂർ കത്തനാർ അയച്ചതും ഒപ്പിട്ടു അയച്ചുകൊടുത്തു. ദീവന്നാസ്യോസ് മെത്രാച്ചന്റെ എഴുത്തു വന്നിരുന്നു.

ഉച്ചയോടുകൂടി കെ. എം. ഉമ്മനും, പി. സി. കുര്യനും കൂടി വന്ന് കൽക്കട്ടാ പള്ളിക്കാര്യവും മറ്റും പറയുകയുണ്ടായി. കോട്ടയത്തു നിന്നും ആവശ്യപ്പെട്ടതനുസരിച്ച് നമുക്കു വേണ്ടി ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി അയച്ചുകൊടുത്തു. ഡോ. പോൾ ആണ് സർട്ടിഫിക്കറ്റ് എഴുതിയത്. സന്ധ്യയോടുകൂടി പലരും വന്നിരുന്നു. ...

18-1-1952. മദ്രാസ്. ഇന്നും ഡോക്ടർ വന്ന് കുത്തിവച്ചു. പലരും വന്ന് നമ്മെ കാണുകയുണ്ടായി. ഉച്ചകഴിഞ്ഞ് ഓപ്പറേഷൻ കഴിഞ്ഞു കിടക്കുന്ന പൗലൂസ് ജഡ്ജിയെ കാണ്മാൻ പോയി. പ്രാർത്ഥന നടത്തിയശേഷം തിരിച്ചുപോന്നു. തേവോദോസ്യോസ് മെത്രാച്ചന്റെയും മണലിൽ കത്തനാരുടെയും പീലിപ്പോച്ചന്റെയും എഴുത്തുകൾ വന്നിരുന്നു.

കൽക്കട്ടായിലെ കുഴപ്പങ്ങൾ പറഞ്ഞു തീർക്കുന്നതിനും പള്ളി ശട്ടംകെട്ടുന്നതിനും മറ്റുമായി മെത്രാച്ചൻ അങ്ങോട്ടു പോയാലും തരക്കേടില്ലെന്നും എങ്ങനെയെങ്കിലും അതിനൊരു തീരുമാനം ഉണ്ടാക്കണമെന്നും കാണിച്ച് തേവോദോസ്യോസ് മെത്രാച്ചന് കല്പന അയച്ചു.

19-1-1952. മദ്രാസ്. ദനഹാപ്പെരുന്നാൾ. രാത്രി നമസ്കാരം കഴിഞ്ഞു വന്നശേഷം ഏഴു മണിക്ക് പള്ളിയിൽ പോയി. തൂയോബോ കഴിഞ്ഞ് ദനഹായുടെ ശുശ്രൂഷകൾ നടത്തി. ശുശ്രൂഷകൾക്കു ശേഷം നാം വി. കുർബ്ബാന അർപ്പിച്ചു. കുറെ ആളുകൾ പള്ളിയിൽ വന്നിരുന്നു. കുർബ്ബാന കഴിഞ്ഞ് എല്ലാവരും കൈ മുത്തി ദനഹാ വെള്ളം കുടിച്ചശേഷം പിരിഞ്ഞുപോയി (പത്തു മണിക്കു).

ഇന്ന് ഡോക്ടർ വന്നെങ്കിലും കുത്തിവെച്ചില്ല. താംബരത്തു കോളജിൽ പഠിക്കുന്ന കുറെ കുട്ടികളും മറ്റു പലരും ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി.

കൽക്കട്ടാക്കാർക്ക് ഒരച്ചനെ അയച്ചുകൊടുക്കണമെന്നു കാണിച്ച് ഒരു കമ്പി വന്നിരുന്നു. ഗബ്രിയേൽ കത്തനാരെ അങ്ങോട്ടു പറഞ്ഞുവിടണമെന്നു പറഞ്ഞ് പഴയസെമിനാരി മാനേജരച്ചന്റെ പേർക്ക് ഇവിടെ നിന്നും കമ്പി അടിച്ചു.

20-1-1952. മദ്രാസ്. ഇന്ന് ദനഹായുടെ ശേഷം ഒന്നാം ഞായറും യോഹന്നാൻ സ്നാപകന്റെ ശിരഛേദന ദിനവുമാകയാൽ നാം വി. കുർബ്ബാന അർപ്പി



ക്കയും പ്രസംഗിക്കയും ചെയ്തു. വളരെ ആളുകൾ പള്ളിയിൽ വന്നിരുന്നു. കുർബ്ബാന കഴിഞ്ഞ് പലയാളുകളും നമ്മെ കാണ്മാൻ വന്നിരുന്നു.

കോട്ടയത്തുനിന്നും മാനേജരു കത്തനാരുടെ ഒരു എക്സ്പ്രസ് ലറ്റർ വന്നിരുന്നു. മാനേജിംഗ് കമ്മിറ്റി ഭംഗിയായി നടന്നെന്നും കേസിന്റെ സംഗതികൾ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്നതിന് പീലിപ്പോച്ചൻ ഉടനെ ബോംബെയ്ക്കു പോകുന്നതാണെന്നും, വിധി നടത്തു നോട്ടീസിനെപ്പറ്റിയുള്ള വാദം നാളെ ജില്ലാ കോടതിയിൽ നടക്കുന്നതാണെന്നും നമ്മുടെ ഭാഗത്തു നിന്നും, എതിരും തർക്കവും പുറപ്പെടുവിക്കുവാൻ, പീലിപ്പോച്ചനും, മാമ്മൻ മാപ്പിളയും, ഇ. ജോൺ പീലിപ്പോസും, തെള്ളി വക്കീലും, ചെറിയാൻ വക്കീലും മറ്റും കൂടി ആലോചിച്ചു തീരുമാനിച്ചിരിക്കയാണെന്നും മറ്റും എഴുതിയിരുന്നു.

നമ്മുടെ കാറ് നന്നാക്കുന്നതിനായി എഴുതിയിരുന്നതനുസരിച്ച് ഇങ്ങോട്ടു അയച്ചു നന്നാക്കുന്നതിനേക്കാൾ ലാഭവും നല്ലതും അതു വിറ്റു പുതിയതെടുക്കുന്നതാണെന്നാണ് അവിടെയുള്ളവരുടെ ആഗ്രഹവും, അഭിപ്രായവും. അതുകൊണ്ട് കാറ് ഉടനെ വിറ്റ്, പുതിയതു വാങ്ങുന്നതിനായി പണം നമ്മുടെ പേർക്ക് അയച്ചുതരണമെന്ന് എഴുതി.

21-1-1952. മദ്രാസ്. ഇന്ന് മാർ സ്തേഫാനോസ് സഹദായുടെ പെരുന്നാൾ പ്രമാണിച്ച് നാം വി. കുർബ്ബാന അർപ്പിച്ചു. കൽക്കട്ടായിലുള്ള നമ്മുടെ ആളുകൾ ഏബ്രഹാം കത്തനാർ പാത്രിയർക്കീസ് സൈഡ് ആയതുകൊണ്ടും ടിയാന്റെ പ്രവർത്തനത്തിൽ കാതോലിക്കാ കക്ഷിക്ക് സഹകരിപ്പാൻ വയ്യാത്തതുകൊണ്ടും ആ ഇടവകയിൽ നിന്നും പിരിഞ്ഞ് അർമീനിയാക്കാരുടെ ഒരു പള്ളിയിൽ (അവർക്കിപ്പോൾ ഉപയോഗം ഇല്ലാത്ത) വി. കുർബ്ബാന ചൊല്ലത്തക്കവണ്ണം ഏർപ്പാടു ചെയ്തെന്നും അർമ്മീനിയൻ അച്ചന്മാർ സസന്തോഷം ആ പള്ളി വിട്ടുകൊടുത്തെന്നും ഇനിയും എത്രയുംവേഗം ടി പള്ളിയിൽ തുടർന്നു കർമ്മങ്ങൾ നടത്തുന്നതിന് ഒരു പട്ടക്കാരനെ അയച്ചുകൊടുക്കണമെന്നും

കാണിച്ച് ശെമ്മാശന്മാരുടെയും മറ്റുള്ളവരുടെയും കമ്പിയും, എഴുത്തുകളും വന്നതനുസരിച്ച് ഗബ്രിയേൽ കത്തനാരെ ഉടൻ കൽക്കട്ടായ്ക്കു പറഞ്ഞയയ്ക്കണമെന്ന് പത്തനംതിട്ടയ്ക്കു ളാക്കൂർ കത്തനാർക്ക് കമ്പി അടിച്ചു.

വിധിനടത്തു സംബന്ധിച്ച കേസ് ഇന്ന് കോട്ടയത്ത് വാദം കേട്ടെന്നും, ഒരു മാസത്തെ അവധി അനുവദിച്ചെന്നും, തെള്ളിയിൽ മാത്യു വക്കീലായിരുന്നു നമ്മുടെ ഭാഗത്തേക്കു വാദിച്ചതെന്നും മറ്റും കാണിച്ച് മാനേജരു കത്തനാരുടെ ഒരു കമ്പി വന്നിട്ടുണ്ടായിരുന്നു.

23-1-1952. മദ്രാസ്. ഇന്ന് നമ്മുടെ പെങ്ങളുടെയും, വല്യച്ചന്റെയും (ഫാ. കുര്യാക്കോസ്) ഓർമ്മദിവസമാകയാൽ നാം വി. കുർബ്ബാന ചൊല്ലി. തേവോദോസ്യോസ് മെത്രാച്ചനും ഗബ്രിയേൽ അച്ചനും കൽക്കട്ടായ്ക്കു പോകുന്നതിനു നാളെ ഇതുവഴി വരുന്നെന്നു കാണിച്ച് ളാക്കൂർ കത്തനാരുടെ കമ്പി കിട്ടി.

നാലു മണിക്ക് പടിഞ്ഞാറേക്കര കുഞ്ഞൂഞ്ഞ് (പി. സി. കുര്യൻ വക്കീൽ) കാറുമായി വന്ന് നമ്മെ പല സ്ഥലങ്ങളും കൊണ്ടുപോയി കാണിച്ചു. കടൽത്തീരത്തു പോയി കുറെ സമയം കാറ്റും കൊണ്ടശേഷം അഞ്ചരയ്ക്കു ഇവിടെ എത്തി. വികാരിയച്ചനും നമ്മോടുകൂടി ഉണ്ടായിരുന്നു.

24-1-1952. മദ്രാസ്. രാവിലെ മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. എട്ടു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ ഗബ്രിയേൽ കത്തനാരോടുകൂടി കൽക്കട്ടായിക്കു പോകുന്നതിന് ഇവിടെ എത്തി. മെത്രാച്ചൻ ഈ പരിതസ്ഥിതിയിൽ അങ്ങോട്ടു ചെല്ലേണ്ടതില്ലെന്നും ഒരച്ചനെ അയച്ചാൽ മതിയെന്നും കമ്പി വന്നിരുന്നെങ്കിലും ഇന്ത്യാ മെത്രാപ്പോലീത്തായെ കണ്ട് ചില കാര്യങ്ങൾ പറയുന്നതിനും മറ്റുമായി മെത്രാച്ചൻ പോകാൻ തീരുമാനിച്ചു. കൽക്കട്ടായിൽ പുതുതായി രൂപവൽക്കരിക്കപ്പെടുന്ന ഓർത്തഡോക്സ് ഇടവകയുടെ വികാരിയായി ഗബ്രിയേൽ കത്തനാരെ നിയമിച്ചുകൊണ്ടുള്ള കല്പന ടിയാനു കൊടുത്തു. സന്ധ്യയ്ക്ക് എട്ടു മണിക്ക് മെത്രാച്ചനും ഗബ്രിയേൽ കത്തനാരും കൂടി കൽക്കട്ടായ്ക്കു പോയി.

നമ്മുടെ കാറ് ഇങ്ങോട്ടു കൊടുത്തയയ്ക്കുന്നെന്നും, ദീവന്നാസ്യോസ് മെത്രാച്ചനും അതിൽ പോരുന്നെന്നും, രാവിലെ കോട്ടയത്തു നിന്നും പുറപ്പെട്ടെന്നും മറ്റും കാണിച്ച് മാനേജരു കത്തനാരുടെ കമ്പി വന്നു.

25-1-1952. മദ്രാസ്. ഇന്നത്തെ പത്രത്തിൽ പാത്രിയർക്കീസ് കക്ഷിക്കാർ നമ്മുടെ കയ്യിൽ ഇരിക്കുന്ന പൊതുസ്വത്തുക്കൾക്ക് റിസീവറെ വയ്ക്കണമെന്നു കാണിച്ച് കോട്ടയം സെക്കൻഡ് ക്ലാസ്സിൽ ഹർജി ബോധിപ്പിച്ചിരിക്കുന്നതായും, അതിന്മേൽ ആക്ഷേപം സമർപ്പിക്കുന്നതിന് 25-ാം തീയതിയും, വാദം കേൾക്കുന്നതിന് ഈ മാസം 30-ാം തീയതിയും അവധി വച്ചിരിക്കുന്നതായും കണ്ടു. ഇതേപ്പറ്റി മാനേജരു കത്തനാർക്കു നാം ഒരെഴുത്തയച്ചു.

ബോംബെയിലെ കോശി കത്തനാരുടെ ഭാര്യയും, മൂന്നാമത്തെ മകനും കൂടി ഇവിടെ വന്നിരുന്നു. താംബരം കോളജിലുള്ള നമ്മുടെ വിദ്യാർത്ഥികളും, അവിടെയുള്ള നമ്മുടെ ആളുകളും കൂടി നമ്മുടെ ബഹുമാനാർത്ഥം ഇവിടെ വെച്ച് ഒരു ടീ പാർട്ടിയും ഗ്രൂപ്പ് ഫോട്ടോയും മീറ്റിംഗും നടത്തി. കാതോലിക്കാ സിംഹാസനത്തോടും നമ്മോടുമുള്ള വിശ്വാസത്തെയും മറ്റും കാണിച്ചുകൊണ്ട് ഒരു പ്രമേയം അവതരിപ്പിക്കയും നാം ഒരു മറുപടി പ്രസംഗം പറയുകയും മറ്റും ചെയ്തു. ആറുമണിക്ക് എല്ലാം അവസാനിച്ചു.

26-1-1952. മദ്രാസ്. അബ്സീനിയായിൽ നിന്നും കോശി കത്തനാരുടെയും നാം അയച്ച കല്പനയ്ക്കു മറുപടിയായി അബ്സീനിയൻ ചക്രവർത്തി സെക്രട്ടറിയെക്കൊണ്ട് അയപ്പിച്ച കത്തും കിട്ടി. കോശി കത്തനാരുടെ എഴുത്തിൽ അവിടെയുള്ള ആളുകൾ നോമ്പും നമസ്കാരവും മറ്റും ആബാലവൃദ്ധം കണിശ്ശമായും നിഷ്ഠയോടു കൂടെയും നോക്കുന്നുണ്ടെന്നും, കാലോചിതമായി യാതൊന്നും മാറിയിട്ടില്ലെന്നും, ഓർത്തഡോക്സ് എന്ന വാക്ക് അവർക്കു വലിയ പ്രിയമാണെന്നും അയാളെ അവിടെ അറിയുന്നത് ഓർത്തഡോക്സ് പ്രീസ്റ്റ് എന്നാണെന്നും മറ്റും കാണിച്ചിരുന്നു.

ഉച്ചകഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മുടെ കാറിൽ ഇവിടെ എത്തി. ഏലിയാസ് തോമസ് കത്തനാരും കൂടെ വന്നിരുന്നു. ഇടിച്ചാണ്ടിപ്പണിക്കർ ചികിത്സയ്ക്കായി വന്നിട്ടുണ്ട്.

ബ്രഹ്മവാർ പള്ളിക്കേസ് നമുക്ക് ഗുണമായി വിധിച്ചതിന്മേൽ സുപ്രീംകോടതിയിൽ അപ്പീലിനു പോകുന്നതിനുള്ള അനുവാദം ഇവിടുത്തെ ഹൈക്കോടതി നിഷേധിച്ചതായി ഇന്ന് വിധിയുണ്ടായ വിവരം പി. സി. കുര്യൻ ഇവിടെ വന്നു പറഞ്ഞു. നമ്മുടെ ഭാഗത്തേക്കു വാദിച്ചത് രാജയ്യരും പി. സി. കുര്യനുമായിരുന്നു.

കോട്ടയത്ത് മാങ്ങാനം ദയറായും മറ്റു ചില നമ്മുടെ സ്ഥാപനങ്ങളും എതൃകക്ഷിക്കാർ ജപ്തി ചെയ്തതായി അറിവു കിട്ടി.

ദീവന്നാസ്യോസ് മെത്രാച്ചൻ ഇവിടെ താമസിച്ചു. ഡ്രൈവർ തോമസ് വശം മാനേജരു കത്തനാർ ഒരു എഴുത്തും ബേബിയുടെ ബാങ്കിൽ കിടന്ന പണത്തിന് ഒരു ചെക്കും കൊടുത്തയച്ചു.

27-1-1952. മദ്രാസ്. ദീവന്നാസ്യോസ് മെത്രാച്ചൻ നേഴ്സിംഗ് ഹോമിൽ പോയി ഓപ്പറേഷൻ കഴിഞ്ഞു കിടക്കുന്ന പൗലോസ് ജഡ്ജിയെ കാണുകയുണ്ടായി.

ആലുവായിൽ നിന്നും എം. തൊമ്മൻ, ജോസഫ് ശെമ്മാശന്റെ ഒരു എഴുത്തുമായി വന്നിരുന്നു. ഫെബ്രുവരി 25-നു അവരുടെ കോളജ് സോഷ്യലിൽ നാമും ചെന്നു സംബന്ധിക്കണമെന്നുള്ള വിവരം എഴുത്തിൽ കാണിച്ചിരുന്നു. ടി സംഗതിയെപ്പറ്റി തൊമ്മനും നമ്മെ അറിയിച്ചു. അന്നത്തേക്കു വിവരം നേരത്തെ അറിയിക്കാമെന്നു നാം പറഞ്ഞു. തേവോദോസ്യോസ് മെത്രാച്ചൻ കൽക്കത്തായിൽ എത്തിയതായി മെത്രാച്ചന്റെ എഴുത്തു വന്നു. പി. സി. കുര്യൻ, കെ. എം. ഉമ്മൻ മുതലായി പലരും വന്ന് നമ്മെ കാണുകയുണ്ടായി.

28-1-1952. മദ്രാസ്. ദനഹായുടെ ശേഷം രണ്ടാം ഞായർ. നാം വിശുദ്ധ കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ പ്രസംഗിച്ചു. ഇന്ന് പള്ളി നിറയെ ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു.

സന്ധ്യയോടു കൂടി മെത്രാച്ചൻ തൃശ്നാപ്പള്ളിക്കു പോയി. ഏലിയാസ് കത്തനാരും പോയി.

29-1-1952. മദ്രാസ്. കതിരുകളെക്കുറിച്ചുള്ള ദൈവമാതാവിന്റെ പെരുന്നാളാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. പരുമല കത്തനാർക്ക് തിരുവല്ല ഫോർവേർഡ് ബാങ്കിൽ നിന്നും നമ്മുടെ പേരിലുള്ള പണം എടുത്ത് മാത്തുക്കുട്ടിയുടെ പേരിൽ ഇടുന്നതിന് റമ്പാച്ചന്റെ പേരുവെച്ച് ഒരു ചെക്ക് എഴുതിക്കൊടുത്തു.

എം. ഡി. ഹോസ്റ്റലിലെ പണം നമ്മുടെ പേരിൽ കിടക്കുന്നത് എടുത്ത് സി. വി. ജോൺ ശെമ്മാശന്റെ പേരിൽ ഇടുന്നതിന് ചെക്കുലീഫ് ഒപ്പിട്ടയച്ചു. 11 മണിയോടുകൂടി നമ്മുടെ കാറിൽ ടൗണിന്റെ ചില ഭാഗങ്ങൾ കാണ്മാൻ പോയി. 12 മണിക്കു തിരിച്ചെത്തി.

29-1-1952. രാവിലെ അച്ചൻ വി. കുർബ്ബാന അർപ്പിച്ചു. മറ്റത്തിൽ ശമുവേൽ കത്തനാർ മലബാറിൽ നിന്നും വന്നിരുന്നു. മേപ്പാടി എന്ന സ്ഥലത്ത് എം. ആൻഡ് സി. കമ്പനിക്കാർ നമ്മുടെ പേർക്ക് എഴുതി തന്നിരിക്കുന്ന സ്ഥലത്ത് ഒരു പള്ളിയും ശവക്കോട്ടയും വയ്ക്കുന്നതിന് നാം അനുവദിച്ചും ടി ആവശ്യത്തിലേയ്ക്കുള്ള ഗവണ്മെന്റനുവാദങ്ങളും മറ്റും വാങ്ങുന്നതിനും പള്ളി പണിക്ക് പണം പിരിക്കുന്നതിനും മറ്റത്തിൽ കത്തനാരെ തന്നെ ഇടവകക്കാരുടെ ആഗ്രഹപ്രകാരം നിയമിച്ചു കല്പന കൊടുത്തു.

കൽക്കട്ടാ ഇടവകയിൽ ഉണ്ടായ അസ്വസ്ഥതകളെല്ലാം അവസാനിച്ചെന്നും അബ്രഹാം കത്തനാർക്ക് അവിടെ കാതോലിക്കാ കക്ഷിയിൻകീഴിൽ നിൽക്കുന്നതിനു പ്രയാസമാണെന്നു പറഞ്ഞതിനാൽ നമ്മുടെ ആളുകൾ അയാളോടുകൂടി സഹകരിക്കാതെ അർമ്മീനിയൻ അച്ചന്മാരുടെ അനുവാദപ്രകാരം അവിടെ പോയി ആരാധന നടത്തിയെന്നും, കഴിഞ്ഞ ഞായറാഴ്ച തേവോദോസ്യോസ് മെത്രാച്ചൻ ആദ്യമായി ആ പള്ളിയിൽ കുർബ്ബാന അർപ്പിച്ചെന്നും, മെത്രാച്ചനും കൂടി ഭംഗിയായി യാതൊരു അസ്വസ്ഥതയും കൂടാതെ എല്ലാം തീർത്തെന്നും, നാം കല്പന കൊടുത്തയച്ച ഗബ്രിയേൽ കത്തനാർ കുറെനാൾ അവിടെ താമസിക്കുന്നതായിരിക്കുമെന്നും മറ്റും കാണിച്ച് മെത്രാച്ചന്റെയും ശെമ്മാശന്മാരുടെയും മറ്റും എഴുത്തുകൾ വന്നു.

30-1-1952. മദ്രാസ്. രാവിലെ വികാരി വി. കുർബ്ബാന അർപ്പിച്ചു. മാമ്മൻ മാപ്പിളയുടെ ഇളയ മകൻ നമുക്ക് ചില സാധനങ്ങൾ കൊണ്ടുവന്നു തന്നു. മാവേലിക്കര കറത്തേടത്ത് ഉമ്മച്ചൻ വന്നിരുന്നു.

നമ്മുടെ കാറ് എങ്ങനെയെങ്കിലും വിറ്റ് ഒരു പുതിയ കാറു വാങ്ങണമെന്നും മറ്റും പറഞ്ഞുകൊണ്ട് കോട്ടയത്തു നിന്നും മാനേജരു കത്തനാരുടെ എഴുത്തു

വന്നു. ടി എഴുത്തിനും അബ്സീനിയായിൽ (എത്യോപ്യ – എഡിറ്റർ) നിന്നും വന്ന എഴുത്തുകൾക്കും മറുപടി അയച്ചു.

31–1–1952. മദ്രാസ്. രാവിലെ കുർബ്ബാന അച്ചൻ ചൊല്ലി. തേവോദോസ്യോസ് മെത്രാച്ചൻ കൽക്കട്ടായിൽ നിന്നും 6.45–നു സ്റ്റേഷനിൽ എത്തുമെന്ന് അറിയിച്ചതനുസരിച്ച് കാറു അയച്ചുകൊടുത്തു 7.15–നു ഇവിടെ എത്തി. കൽക്കട്ടാ പള്ളി സംബന്ധിച്ചുള്ള കാര്യങ്ങൾ പറഞ്ഞു. അബ്രഹാം കത്തനാർക്ക് കാതോലിക്കാ കക്ഷിയിലെ ഒരു പട്ടക്കാരനായി തുടരുന്നതിനു നിവൃത്തിയില്ലെന്നു വന്നതിനാൽ അവിടെയുള്ള നമ്മുടെ ആളുകൾ ധൃതി കൂട്ടിയതാണ്. ഏതായാലും രണ്ടു കൂട്ടരും വേർപെടട്ടെന്നും, നമുക്ക് അർമ്മീനിയക്കാരുടെ ഭംഗിയായ ഒരു ചാപ്പൽ കിട്ടിയതിൽ തുടരാൻ നിശ്ചയിച്ചിരിക്കയാണെന്നും തുടർന്ന് ചൊല്ലുന്നതിനായി ഗബ്രിയേൽ കത്തനാർ അവിടെ കുറെ നാളത്തേക്കു താമസിക്കുന്നതായിരിക്കുമെന്നും മറ്റും പറഞ്ഞു. ഉച്ചകഴിഞ്ഞ് മെത്രാച്ചൻ കൊട്ടാരക്കരയ്ക്കു പോയി.

ഈ പള്ളി സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ഇന്ത്യൻ മെത്രാപ്പോലീത്തായുമായി (ആംഗ്ലിക്കൻ സഭയുടെ ഇന്ത്യയിലെ തലവനെ ബ്രിട്ടീഷ് ഭരണകാലത്ത് വിളിച്ചിരുന്ന പേരാണിത് – എഡിറ്റർ) ആലോചിച്ചതനുസരിച്ച് മേൽ നടപടികളെപ്പറ്റി ആലോചിക്കുന്നതിനും മറ്റുമായി പി. സി. കുര്യൻ, കെ. എം. ഉമ്മൻ, എ. ഇ. ഏബ്രഹാം മുതൽപേരെ വരുത്തി മെത്രാച്ചൻ ചില കാര്യങ്ങൾ പറയുകയുണ്ടായി.

1–2–1952. മദ്രാസ്. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. മാനേജരു കത്തനാരുടെ ഒരു എഴുത്ത് കോട്ടയത്തു നിന്നും വന്നിരുന്നു.

2–2–1952. മദ്രാസ്. പത്തു മണിയോടു കൂടി കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ കോട്ടയത്തു നിന്നും വന്നിരുന്നു. 17–ാം തീയതി കൂടിയ കമ്മിറ്റിയുടെ നിശ്ചയങ്ങളും മറ്റും വിശദമായി പറയുകയുണ്ടായി. ആക്ഷൻ കമ്മിറ്റിയുടെ ഒരു യോഗം 30–ാം തീയതി തീമോത്തിയോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയതിൽ, അരമന, വൈദിക സെമിനാരി, സമുദായ ആഫീസ്, പള്ളികൾ, ഇല്ലാത്തിടത്തു പള്ളി വച്ചുകൊടുക്കുക മുതലായ സംഗതികളെപ്പറ്റി ആലോചിക്കയും അതിന്റെ ആവശ്യത്തിലേക്കു ഈ വർഷം തന്നെ ഒരു പിരിവ് എടുത്തും, അടുത്ത വർഷം മുതൽ (1953) ഒരു ദശവത്സര പദ്ധതിയനുസരിച്ച് കുറേശ്ശെ പണം പിരിച്ചെടുത്ത് എല്ലാം നടപ്പാക്കണമെന്നും തീരുമാനിച്ചു. ഇതനുസരിച്ച് പള്ളിക്കാരെല്ലാം പ്രവർത്തിക്കണമെന്നു കാണിച്ച് പൊതുകല്പന എഴുതി ഫീലിപ്പോസ് കത്തനാരെ ഏല്പിച്ചു.

സുപ്രീംകോടതിയിൽ അപ്പീലു കൊടുക്കുന്നതിനുള്ള വക്കാലത്തു ഫാറം മണലിൽ കത്തനാർ കൊടുത്തയച്ചത് നാം ഒപ്പിട്ട് ഒന്ന് ... എന്ന മേൽവിലാസത്തിൽ ഡൽഹിക്കും രണ്ടെണ്ണം ഫീലിപ്പോച്ചന്റെ പേർക്കും അയച്ചുകൊടുത്തു. അഡ്വ. പി. സി. കുര്യനെക്കൊണ്ട് അറ്റസ്റ്റ് ചെയ്യിച്ചാണ് അയച്ചത്.

3–2–1952. മദ്രാസ്. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസു കത്തനാർ കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഇന്നു പള്ളിനിറയെ ആളുകൾ ഉണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് ഡോ. സാമുവലിന്റെ കുട്ടിയെയും, താനുവേലിൽ കോശി കത്തനാരുടെ മകന്റെ കുട്ടിയെയും മാമോദീസാ മുക്കി.

ഇനിയും സുപ്രീംകോടതിയിൽ അപ്പീലിനു പോകണ്ടാ എന്നു കാണിച്ച് ഒരു അപേക്ഷ ഈ ഇടവകക്കാരിൽ പലരും ചേർന്ന് നമുക്ക് സമർപ്പിച്ചു. കെ. എം. മാമ്മൻ, പി. സി. കുര്യൻ, മാണി, ജേക്കബ്, ജയിംസ്, ഇട്ടി ഐപ്പ്, എ. സി. ഏബ്രഹാം മുതലായ പത്തുപതിനഞ്ചുപേർ വന്നിരുന്നു. ഈ വിവരം നമ്മുടെ സമുദായ പ്രമാണിമാരെ അറിയിച്ച് പ്രത്യേകിച്ചു കെ. സി. മാമ്മൻ മാപ്പിള, ഇ. ജെ. ഫീലിപ്പോസ് എന്നിവരുടെ അഭിപ്രായം ആരായുന്നതിനു നാം പറഞ്ഞു. ഫീലിപ്പോച്ചൻ ഇവിടെ വരുമ്പോൾ ഇതേപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞു എല്ലാവരും പിരിഞ്ഞു.

കെ. എ. പൗലോസ് ജഡ്ജി ഓപ്പറേഷൻ കഴിഞ്ഞ് ഒരുവിധം സുഖമായി ഇന്നു പള്ളിയിൽ വന്നിരുന്നു.

കെ. ഫീലിപ്പോസ് കത്തനാർ 5.45–നുള്ള കൊച്ചിൻ എക്സ്പ്രസിൽ കോട്ടയത്തിനു പോയി. മാനേജിംഗ് കമ്മിറ്റിയിൽ നിന്നും തിരഞ്ഞെടുത്ത ആക്ഷൻ കമ്മിറ്റിക്കാർ തീരുമാനിച്ച തീരുമാനങ്ങളനുസരിച്ച് പണപ്പിരിവും മറ്റും ഈ വർഷവും, അടുത്ത വർഷം മുതൽ പത്തു വർഷത്തേക്ക് ഒരു ദശവത്സര പദ്ധതിയായും മറ്റും നടത്തുന്നതിന് പള്ളികൾക്ക് അയക്കാനുള്ള പൊതുകല്പന

ഇ. ജെ. ഫീലിപ്പോസ് രാത്രിയിൽ ഇവിടെ വന്നിരുന്നു. അഞ്ചരയ്ക്കു വിമാനത്തിൽ തിരുവനന്തപുരത്തു നിന്നും ഇവിടെ എത്തിയതാണ്. സമുദായക്കേസു വിധി മൂലം നാട്ടിൽ ഉണ്ടായിരിക്കുന്ന സംഭവവികാസങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു.

യും ഫീലിപ്പോസു കത്തനാർ വശം കൊടുത്തയച്ചു.

4–2–1952. മദ്രാസ്. രാവിലെ പി. സി. മാത്യുവും ഭാര്യയും ഇവിടെ വന്നിരുന്നു. നമ്മുടെ കാറിനെപ്പറ്റി പറയുകയുണ്ടായി. ഇന്ന് ശെമ്മാശൻ കത്തിവെയ്പ് പഠിക്കുന്നതിനായി ഡോ. സാമുവേലിന്റെ ഡിസ്പെൻസറിയിൽ പോയി. കോട്ടയത്തു നിന്നും, കൊച്ചുകൊച്ചിന്റെയും കൽക്കട്ടായിൽ നിന്നും ഗബ്രിയേൽ കത്തനാരുടെയും, ശെമ്മാശന്മാരുടെയും എഴുത്തുകൾ വന്നു. മറുപടിയും അയച്ചു. സന്ധ്യാനമസ്കാരശേഷം ബീച്ചിൽ പോയി കുറെ സമയം കാറ്റു കൊണ്ടു. സെന്റ് ജോർജ്ജ് ഫോർട്ടിൽ കയറി കാണുകയും ചെയ്തു.

5–2–1952. മദ്രാസ്. രാവിലെ മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. സുപ്രീംകോടതിയിൽ നാം കൊടുക്കേണ്ടതായ സത്യവാങ്മൂലം ഇ. ജെ. ഫീലിപ്പോസ് ഇങ്ങോട്ടു അയച്ചുതന്നതു നാം രജിസ്ട്രാറിനെ ഇവിടെ വരുത്തി ടിയാന്റെ മുമ്പാകെ വച്ച് ഒപ്പിട്ട് ന്യൂഡൽഹിക്കു അയച്ചുകൊടുത്തു (കെ. എസ്. ശാസ്ത്രി, ഏജന്റ് സുപ്രീംകോർട്ട്, 46, പാർലമെന്റ് ഹൗസ്, ന്യൂഡൽഹി).

കോട്ടയം ജില്ലാക്കോടതിയിൽ എതൃഭാഗക്കാർ കൊടുത്തിരുന്ന റിസീവർ പെറ്റീഷൻ ഇന്നലെ വാദംകേട്ട ശേഷം നേന്ത്രവേലി നിലത്തിനും കായലിനും റിസീവരെ അനുവദിച്ചു കൊടുത്തുകൊണ്ട് ഇന്ന് വിധി പ്രസ്താവിച്ചെന്നു കാണിച്ച് മാനേജരച്ചന്റെ കമ്പി വന്നിരുന്നു. “Order passed to appoint receiver only for Nenthraveli and Kayal” (Managerachan).”

പരുമല സെമിനാരി വക തിരുവല്ലാ ഫോർവേർഡ് ബാങ്കിൽ കിടന്ന പണം മാത്തുക്കുട്ടി (എം. സി. മാത്യു) യുടെ പേരിൽ ഇട്ടതിനുള്ള നോട്ട് എഴുതി മാത്തുക്കുട്ടി റമ്പാച്ചനെ ഏല്പിച്ചത് റമ്പാച്ചൻ നമ്മുടെ പേർക്ക് അയച്ചുതന്നു.

6–2–1952. പതിവുപോലെ ഡോക്ടർ പോൾ വന്ന് കുത്തി വച്ചു. പരുമല സെമിനാരിയുടെ പണം റമ്പാച്ചന്റെ സ്വന്തം പേരിൽ ആക്കിയശേഷം അത്രയും തുകയ്ക്കു ഒരു നോട്ട് എഴുതി അയച്ചുതരുന്നതിന് മാരേട്ട് റമ്പാച്ചന്റെ പേർക്ക് ഒരു രജിസ്റ്റേർഡ് ലറ്റർ അയച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും ഒരു എഴുത്തയച്ചു. മുണ്ടക്കയം പള്ളിക്കാർ അവിടുത്തെ ശെമ്മാശൻ പട്ടമേറ്റ് മുണ്ടക്കയം പള്ളിയിൽ പ്രവേശിക്കാൻ ഇരിക്കുന്നതിനെ തടയണമെന്നും അല്ലെങ്കിൽ വലിയ പ്രയാസമായി വരുമെന്നും കാണിച്ച് നമ്മുടെപേർക്ക് രജിസ്റ്റർ ചെയ്തയച്ച അപേക്ഷ പാമ്പാടി മെത്രാച്ചന്റെ പേർക്ക് അയച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ബീച്ചിൽ പോയി കാറ്റു കൊണ്ടശേഷം ഏഴരയ്ക്കു തിരിച്ചുവന്നു.

ജോർജ് രാജാവ് ഇന്ന് അഞ്ചരയ്ക്കു മരിച്ചു എന്ന് റേഡിയോ ന്യൂസ് ഉള്ളതായി കേട്ടു.

7–2–1952. മദ്രാസ്. തിരുവനന്തപുരത്തെ അസിസ്റ്റന്റ് വികാരിയും മറ്റൊരാളും കൂടി കൊടുത്തിരുന്ന കേസ് 13–ാം തീയതിക്കു അവധി വച്ചെന്ന് പത്രത്തിൽ കണ്ടു. സന്ധ്യാ നമസ്കാരം കഴിഞ്ഞ് ബീച്ചിൽ പോകുന്ന സമയം കാറു കൊണ്ടു മാണിയും വന്നിരുന്നു. സന്ധ്യ കഴിഞ്ഞ് പലരും നമ്മെ കാണ്മാൻ വന്നിരുന്നു.

8–2–1952. മദ്രാസ്. നമ്മുടെ കാറ് പതിനായിരം രൂപയ്ക്കു വിൽക്കുന്നതിനു തീരുമാനിച്ചു. കുന്നംകുളത്തുകാരൻ വി. വി. മാണി (റോയപ്പേട്ടയിൽ താമസം) യാണ് വാങ്ങാൻ നിശ്ചയിച്ചിരിക്കുന്നത്.

പി. സി. മാത്യുവും കെ. എം. ഉമ്മനും വന്നിരുന്നു. പുതിയ കാറ് എടുക്കുന്നതിനു തീരുമാനിച്ചു. Desoto എന്ന കാറാണ് എടുക്കുന്നതിന് അവർ തീരുമാനിച്ചത്.

ഇ. ജെ. ഫീലിപ്പോസ് രാത്രിയിൽ ഇവിടെ വന്നിരുന്നു. അഞ്ചരയ്ക്കു വിമാനത്തിൽ തിരുവനന്തപുരത്തു നിന്നും ഇവിടെ എത്തിയതാണ്. സമുദായക്കേസു വിധി മൂലം നാട്ടിൽ ഉണ്ടായിരിക്കുന്ന സംഭവവികാസങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തെന്നും തിരുവനന്തപുരത്തെ കേസ് 18–ാം തീയതിക്കു അവധിവെച്ചെന്നും പറയുകയുണ്ടായി. ആ കേസ് വാദിക്കുന്നതിനു വക്കീലിനെ വിളിക്കാനാണ് ഫീലിപ്പോച്ചൻ വന്നത്. രാത്രിയിൽ തന്നെ ഫീലിപ്പോച്ചൻ കെ. എം. മാമ്മൻ മാപ്പിളയുടെ വീട്ടിലേക്കു പോയി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



യാക്കോബിന്റെയും യോസയുടേയും അമ്മ മറിയം

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യാക്കോബിന്റെയും യോസയുടേയും അമ്മ മറിയം പുതിയ നിയമത്തിൽ പരാമർശിക്കപ്പെടുന്ന വിശ്വസ്തയായ സ്ത്രീകളിൽ ഒരാളാണ്. അവൾ യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാനഘട്ടങ്ങൾക്ക് സാക്ഷിയായിരുന്ന സ്ത്രീകളിൽ ഒരാളായി ബൈബിൾ രേഖപ്പെടുത്തുന്നു. യേശുവിന്റെ ക്രൂശു മരണവും കബറടക്കവും ഉയിർപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ അവളുടെ സാന്നിധ്യം പ്രത്യേകമായി പരാമർശിക്കപ്പെടുന്നു.

ബൈബിളിൽ പറയുന്നതുപോലെ, യേശു ക്രൂശിക്കപ്പെടുമ്പോൾ അകലെ നിന്ന് നോക്കി നിന്നിരുന്ന സ്ത്രീകളിൽ യാക്കോബിന്റെയും യോസയുടേയും അമ്മയായ മറിയവും ഉണ്ടായിരുന്നു. ഇത് വി. മത്തായി 27:56 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ മർക്കോസ് 15:40 ലും അവൾ, ക്രൂശിക്കപ്പെടുന്ന സംഭവത്തിന്റെ സാക്ഷികളായ സ്ത്രീകളിൽ ഒരാളായി പറയപ്പെടുന്നു. ഈ വേദഭാഗങ്ങൾ അവൾ യേശുവിന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ നിമിഷങ്ങളിലും വിശ്വാസത്തോടെ അവിടെയുണ്ടായിരുന്നുവെന്ന് കാണിക്കുന്നു.

കൂടാതെ, യേശുവിനെ അടക്കിയശേഷവും അവൾ അവിടെ നിന്ന് മാറിപ്പോയില്ല. വി. മത്തായി 27:61 പ്രകാരം, യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്കു സമീപം ഇരുന്ന് അവൾ അതു ശ്രദ്ധിച്ച് നിന്നിരുന്നു. ഇത് അവളുടെ സ്നേഹവും സമർപ്പണവും എത്ര ആഴമുള്ളതാണെന്ന് വ്യക്തമാക്കുന്നു. യേശുവിന്റെ ഉയിർപ്പുമായി ബന്ധപ്പെട്ട സംഭവങ്ങളിലും അവളുടെ സാന്നിധ്യം കാണാം. വി. മർക്കോസ് 16:1 പ്രകാരം, ശബ്ബത്ത് കഴിഞ്ഞ ശേഷം യേശുവിന്റെ ശരീരത്തെ അഭിഷേകം ചെയ്യാൻ സുഗന്ധദ്രവ്യങ്ങൾ വാങ്ങി കല്ലറയിലേക്ക് പോയ സ്ത്രീകളിൽ മറിയവും ഉണ്ടായിരുന്നു. ഇതിലൂടെ അവൾ യേശുവിനോടുള്ള ആദരവും ഭക്തിയും അവസാനത്തോളം നിലനിർത്തിയിരുന്നുവെന്ന് മനസ്സിലാക്കാം.

ഇങ്ങനെ ബൈബിളിലെ ചെറിയ പരാമർശങ്ങൾ വഴിയാണെങ്കിലും യാക്കോബിന്റെയും യോസയുടേയും അമ്മയായ മറിയം വിശ്വാസം, ധൈര്യം, സമർപ്പണം എന്നിവ നിറഞ്ഞ ഒരു സ്ത്രീയായിരുന്നുവെന്ന് വ്യക്തമാകുന്നു. യേശുവിന്റെ കഷ്ടപ്പാടുകളുടെ സമയത്തും അവനോടൊപ്പം നിന്നത് അവളുടെ ശക്തമായ വിശ്വാസത്തിന്റെ അടയാളമാണ്. അതുകൊണ്ട് തന്നെ അവളുടെ ജീവിതം ക്രിസ്ത്യാനികൾക്ക് വിശ്വാസത്തിൽ സ്ഥിരതയുടെയും ധൈര്യത്തിന്റെയും നല്ല മാതൃകയായി കണക്കാക്കപ്പെടുന്നു.

1. ദൈവത്തോടുള്ള ഉറച്ച വിശ്വാസം

മറിയാമിന്റെ ജീവിതത്തിൽ ഏറ്റവും വ്യക്തമായി കാണുന്ന ആത്മീയ സവിശേഷതകളിൽ ഒന്നാണ് ദൈവത്തോടുള്ള അവളുടെ ഉറച്ച വിശ്വാസം. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ലഭ്യമാകുന്നുള്ളു. എന്നാൽ ലഭിക്കുന്ന ആ ചെറിയ വിവരങ്ങൾ തന്നെ അവളുടെ വിശ്വാസത്തിന്റെ ആഴവും ആത്മീയ സമർപ്പണവും വ്യക്തമാക്കുന്നു.

ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളുടെ കൂട്ടത്തിൽ മറിയവും ഉണ്ടായിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ഇത് അവൾ യേശുവിന്റെ ദൗത്യത്തെ വെറും ദൂരത്തിൽ നിന്ന് നിരീക്ഷിച്ചവളല്ല, മറിച്ച് അതിൽ സജീവമായി പങ്കാളിയായിരുന്നുവെന്ന് കാണിക്കുന്നു. അവൾ യേശുവിന്റെ ഉപദേശങ്ങളിലും പ്രവർത്തികളിലും വിശ്വാസിച്ച് അവനെ പിന്തുടർന്നവളായിരുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ അവസാന ഘട്ടം വളരെ ദുഃഖകരവും ആശയക്കുഴപ്പമുള്ളതുമായ സമയമായിരുന്നു. യേശുവിനെ എതിർത്തിരുന്ന നേതാക്കൾ ശക്തമായി പ്രതികരിക്കുകയും അവനെ ക്രൂശിക്കാനുള്ള തീരുമാനത്തിലേക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തിരുന്നു. അത്തരമൊരു സാഹചര്യത്തിൽ പല ശിഷ്യന്മാരും ഭയപ്പെട്ടു പിന്നോട്ട് പോയിരുന്നു. എന്നാൽ മറിയം തന്റെ വിശ്വാസത്തിൽ നിന്ന് പിന്നോട്ടില്ലാതെ നിലകൊണ്ടു.



ബൈബിളിൽ ചെറിയ പരാമർശങ്ങൾ മാത്രമുള്ള ഒരാളായിരുന്നാലും യാക്കോബിന്റെയും യോസയുടേയും അമ്മ മറിയാമിന്റെ ജീവിതം വലിയ ആത്മീയ പാഠങ്ങൾ നൽകുന്നു. വിശ്വാസം, ധൈര്യം, സമർപ്പണം, വിനയം എന്നിവയിലൂടെ ദൈവത്തോടുള്ള ജീവിതം എങ്ങനെയായിരിക്കണം എന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു.

ഈ സംഭവത്തിൽ അവൾ യേശുവിന്റെ ക്രൂശുമരണത്തിന്റെ സാക്ഷിയായി നിന്നുവെന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം ആ സമയത്ത് അവിടെ നിലകൊള്ളുന്നത് അപകടകരമായ കാര്യമായിരുന്നു. എന്നിരുന്നാലും അവൾ ഭയത്തെക്കാൾ വിശ്വാസത്തിന് മുൻഗണന നൽകി.

ഇത് അവളുടെ ആത്മീയ ശക്തിയെയും ദൈവത്തോടുള്ള വിശ്വാസത്തിന്റെ ഉറപ്പിനേയും വ്യക്തമാക്കുന്നു. പ്രതിസന്ധികൾ വരുമ്പോൾ വിശ്വാസം നഷ്ടപ്പെടുന്നത് മനുഷ്യരുടെ സ്വഭാവമാണ്. എന്നാൽ മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് സത്യമായ വിശ്വാസം സന്തോഷകരമായ സാഹചര്യങ്ങളിൽ മാത്രം നിലനിൽക്കുന്നതല്ല, കഷ്ടപ്പാടുകളുടെയും പരീക്ഷണങ്ങളുടെയും സമയത്തും അത് ഉറച്ചുനിൽക്കുന്നതാണെന്നതാണ്. യേശുവിന്റെ കഷ്ടപ്പാടുകളും മരണവും കണ്ടിട്ടും അവൾ അവനെ ഉപേക്ഷിച്ചില്ല. മറിച്ച് അവൾ അവിടെ നിന്നു. ഈ സംഭവം അവളുടെ വിശ്വാസത്തിന്റെ ആഴവും ദൈവത്തോടുള്ള അവളുടെ ആത്മീയബന്ധവും വ്യക്തമാക്കുന്നു.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിശ്വാസികൾക്ക് ഒരു വലിയ ആത്മീയ പാഠമാണ് നൽകുന്നത്. ജീവിതത്തിൽ പ്രശ്നങ്ങളും പരീക്ഷണങ്ങളും വന്നാലും ദൈവത്തോടുള്ള വിശ്വാസം നഷ്ടപ്പെടുത്താതെ നിലകൊള്ളേണ്ടതിന്റെ ഒരു മനോഹര മാതൃകയാണ് അവളുടെ ജീവിതം. അവളുടെ വിശ്വാസം പ്രതിസന്ധികളിലും ഉറച്ചുനിന്ന വിശ്വാസമായിരുന്നു, അതുകൊണ്ടു തന്നെ അവൾ ഇന്നും വിശ്വാസികളുടെ ആത്മീയ പ്രചോദനമായി തുടരുന്നു.

2. യേശുവിനോടുള്ള സമർപ്പണം

മറിയാമിന്റെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു പ്രധാന ആത്മീയ ഗുണമാണ് യേശുവിനോടുള്ള അവളുടെ ആഴമുള്ള സമർപ്പണം. വിശ്വാസം കൊണ്ടു മാത്രം മതിയാവുകയില്ല; ആ വിശ്വാസം, ജീവിതത്തിൽ പ്രവർത്തിയായി പ്രകടിപ്പിക്കുമ്പോഴാണ് അത് സമർപ്പണമായി മാറുന്നത്. മറിയാമിന്റെ ജീവിതം അത്തരത്തിലുള്ള പ്രവർത്തനപരമായ വിശ്വാസത്തിന്റെ ഒരു മനോഹര ഉദാഹരണമാണ്.

ബൈബിൾ പറയുന്നത്, ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളിൽ മറിയാമും ഉണ്ടായിരുന്നുവെന്നാണ്. വി. മർക്കോസ് 15:41 ൽ ഈ കാര്യം വ്യക്തമാക്കുന്നു. ഇത് വളരെ പ്രാധാന്യമുള്ള ഒരു വിവരമാണ്. കാരണം യേശുവിന്റെ ശുശ്രൂഷയിൽ സ്ത്രീകൾ നൽകിയ പിന്തുണ വളരെ നിർണായകമായിരുന്നു. അവർ യേശുവിനെയും അവന്റെ ശിഷ്യന്മാരെയും പിന്തുടർന്ന് അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും സേവിക്കുകയും ചെയ്തിരുന്നു.

ഈ പശ്ചാത്തലത്തിൽ മറിയം യേശുവിന്റെ ദൗത്യത്തിൽ വെറും ദൂരത്തു നിന്ന് നോക്കി നിന്ന ഒരാളല്ലായിരുന്നു. അവൾ അവന്റെ ശുശ്രൂഷയോട് ആത്മാർത്ഥമായി ബന്ധപ്പെട്ടു നിന്നവളായിരുന്നു. അവൾ യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചു. ഇതിലൂടെ അവൾ യേശുവിന്റെ ദൗത്യത്തോടും ദൈവരാജ്യത്തിന്റെ പ്രവർത്തനത്തോടുമുള്ള തന്റെ സ്നേഹവും സമർപ്പണവും പ്രകടിപ്പിച്ചു.

യേശുവിന്റെ ശുശ്രൂഷ അവസാനത്തിലേക്ക് എത്തിയപ്പോൾ സംഭവങ്ങൾ വളരെ വേഗത്തിൽ മാറി. യേശുവിനെ പിടികൂടുകയും പിന്നീട് ക്രൂശിക്കപ്പെടുകയും ചെയ്തു. സാധാരണയായി ഇത്തരം സാഹചര്യങ്ങളിൽ പലരും ഭയപ്പെട്ടു പിന്നോട്ട് പോകാറുണ്ട്. എന്നാൽ മറിയാമിന്റെ സമർപ്പണം അങ്ങനെ ആയിരുന്നില്ല.

യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നിരുന്നു. വി. മത്തായി 27:61 പ്രകാരം മറിയം മറ്റൊരു മറിയാമിനോടൊപ്പം കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ച് നോക്കിയിരുന്നു. ഈ സംഭവം വളരെ അർത്ഥവത്താണ്. യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നത് അവളുടെ സ്നേഹവും വിശ്വാസവും എത്ര ആഴമുള്ളതാണെന്ന് കാണിക്കുന്നു. അവൾ ആ സംഭവത്തെ അവഗണിച്ചില്ല; മറിച്ച് അതിന്റെ സാക്ഷിയായി അവിടെ നിന്നു.

അതുമാത്രമല്ല, അവളുടെ സമർപ്പണം അവിടെ അവസാനിച്ചില്ല. വി. മർക്കോസ് 16:1 ൽ പറയുന്നതുപോലെ ശബ്ബത്ത് കഴിഞ്ഞ ശേഷം യേശുവിന്റെ ശരീരത്തെ അഭിഷേകം ചെയ്യാൻ സുഗന്ധദ്രവ്യങ്ങൾ കൊണ്ടുവന്ന സ്ത്രീകളിൽ മറിയവും ഉണ്ടായിരുന്നു. ഇത് അവളുടെ സ്നേഹത്തിന്റെ മറ്റൊരു പ്രകടനമാണ്. യേശുവിനെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തതിനാലാണ് അവൾ ഈ പ്രവൃത്തിയിൽ പങ്കാളിയായത്.

ഈ സംഭവങ്ങൾ എല്ലാം ചേർന്ന് നോക്കുമ്പോൾ മറിയാമിന്റെ സമർപ്പണം അവസരങ്ങൾക്കനുസരിച്ച് മാറിയ ഒന്നല്ലെന്ന് മനസ്സിലാക്കാം. യേശു മഹത്വത്തിൽ ആയിരുന്ന സമയത്തും അവൾ അവനെ പിന്തുടർന്നു; അവൻ കഷ്ടപ്പാടുകളിൽ ആയിരുന്ന സമയത്തും അവൾ അവിടെ നിന്നു; അവൻ മരണപ്പെട്ട ശേഷവും അവൾ അവനെ മറന്നില്ല.

അതിനാൽ മറിയാമിന്റെ ജീവിതം നമ്മെ ഒരു വലിയ ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു. യഥാർത്ഥ സമർപ്പണം സന്തോഷകരമായ സമയങ്ങളിൽ മാത്രം കാണിക്കുന്ന ഒന്നല്ല. കഷ്ടപ്പാടുകളും നിരാശകളും നിറഞ്ഞ സാഹചര്യങ്ങളിലും അത് നിലനിൽക്കണം. മറിയാമിന്റെ സമർപ്പണം അത്തരത്തിലുള്ള സ്ഥിരമായ സമർപ്പണമായിരുന്നു.

അതുകൊണ്ട് തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് ഒരു ശക്തമായ മാതൃകയാണ്. ദൈവത്തോടുള്ള സ്നേഹവും സമർപ്പണവും ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും നിലനിർത്തേണ്ടതിന്റെ ഒരു മനോഹര ഉദാഹരണമാണ് മറിയാമിന്റെ ജീവിതം.

3. ധൈര്യവും വിശ്വാസസ്ഥിരതയും

മറിയാമിന്റെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു പ്രധാന ഗുണമാണ് അവളുടെ ധൈര്യവും വിശ്വാസസ്ഥിരതയും. യേശുവിന്റെ ക്രൂശുമരണത്തിന്റെ സമയത്ത് ഉണ്ടായിരുന്ന സാഹചര്യങ്ങൾ വളരെ ഭയാനകവും അപകടകരവുമായിരുന്നു. യേശുവിനെ എതിർത്തിരുന്ന മതനേതാക്കളും അധികാരികളും അവനെ പിന്തുടർന്നവരെ സംശയത്തോടെ നോക്കിയിരുന്ന സമയമായിരുന്നു അത്. അത്തരമൊരു സാഹചര്യത്തിൽ യേശുവിനോടുള്ള ബന്ധം തുറന്നു കാണിക്കുന്നതിന് പലരും ഭയപ്പെട്ടിരുന്നു.

യേശുവിന്റെ അടുത്ത ശിഷ്യന്മാരിൽ പലരും ആ സമയത്ത് ഭയപ്പെട്ടു അകന്നുപോയിരുന്നു. ചിലർ മറഞ്ഞുനിന്നു, ചിലർ ദൂരെയായി നിന്നു. എന്നാൽ ഈ സാഹചര്യത്തിലും ചില സ്ത്രീകൾ യേശുവിനോടുള്ള വിശ്വാസം വിട്ടുകളയാതെ അവിടെ നിന്നിരുന്നു. ആ സ്ത്രീകളുടെ കൂട്ടത്തിൽ മറിയവും ഉണ്ടായിരുന്നു.

വി. മർക്കോസ് 15:40 ൽ പറയുന്നതുപോലെ യേശു ക്രൂശിക്കപ്പെടുമ്പോൾ അകലെ നിന്ന് നോക്കി നിന്ന സ്ത്രീകളിൽ മറിയവും ഉൾപ്പെടുന്നു. അവൾ ആ സംഭവത്തിന്റെ സാക്ഷിയായി അവിടെ നിന്നത് ഒരു സാധാരണ കാര്യമല്ല. യേശുവിന്റെ ക്രൂശുമരണം വളരെ ദുഃഖകരവും ഭീതിജനകവുമായ ഒരു സംഭവമായിരുന്നു. അത്തരമൊരു സമയത്ത് അവിടെ നിലകൊള്ളുന്നത് വലിയ ആത്മധൈര്യം ആവശ്യമാണ്.

മറിയം ഭയത്തെക്കാൾ കൂടുതലായി വിശ്വാസത്തെ തിരഞ്ഞെടുക്കുകയായിരുന്നു. അവൾ ദൂരെയായിരുന്നെങ്കിലും ആ സംഭവത്തിൽ നിന്ന് മാറിനിന്നില്ല. യേശുവിന്റെ കഷ്ടപ്പാടുകളുടെ സാക്ഷിയായി അവൾ അവിടെ നിന്നു. ഇത് അവളുടെ ആത്മധൈര്യവും അവളുടെ വിശ്വാസത്തിന്റെ ശക്തിയും വ്യക്തമാക്കുന്നു. ഇതോടൊപ്പം മറ്റൊരു പ്രധാന സംഭവവും ബൈബിൾ രേഖപ്പെടുത്തുന്നു. വി. മത്തായി 27:61 പ്രകാരം യേശുവിനെ അടക്കം ചെയ്തശേഷം മറിയം മറ്റൊരു മറിയാമിനോടൊപ്പം കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ച് നോക്കിയിരുന്നു. ഈ സംഭവം അവളുടെ വിശ്വാസത്തിലെ സ്ഥിരതയെ കൂടുതൽ വ്യക്തമായി കാണിക്കുന്നു.

സാധാരണയായി ഒരു വ്യക്തിയുടെ മരണം സംഭവിച്ചശേഷം പലരും ആ സ്ഥലത്ത് നിന്ന് മാറിപ്പോകാറുണ്ട്. എന്നാൽ മറിയം അങ്ങനെ ചെയ്തില്ല. യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നു. അവൾ കല്ലറയ്ക്ക് മുമ്പിൽ ഇരുന്ന് ആ സംഭവത്തെ ശ്രദ്ധിച്ച് നോക്കി. ഇത് അവളുടെ സ്നേഹവും വിശ്വാസവും എത്ര ആഴമുള്ളതാണെന്ന് വ്യക്തമാക്കുന്നു.

മറിയാമിന്റെ ഈ നിലപാട് നമ്മെ ഒരു വലിയ ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു. യഥാർത്ഥ വിശ്വാസം എന്നത് അനുകൂല സാഹചര്യങ്ങളിൽ മാത്രം നിലനിൽക്കുന്ന ഒന്നല്ല. കഷ്ടപ്പാടുകളും ഭയങ്ങളും നിറഞ്ഞ സാഹചര്യങ്ങളിലും അതിൽ ഉറച്ചുനിൽക്കണം. മറിയത്തിന്റെ വിശ്വാസം അത്തരത്തിലുള്ള സ്ഥിരതയുള്ള വിശ്വാസമായിരുന്നു.

അതുകൊണ്ട് തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് വലിയൊരു പ്രചോദനമാണ്. ജീവിതത്തിൽ പരീക്ഷണങ്ങളും ഭയങ്ങളും വന്നാലും ദൈവത്തോടുള്ള വിശ്വാസം വിട്ടുകളയാതെ ധൈര്യത്തോടെ നിലകൊള്ളേണ്ടതിന്റെ ഒരു മനോഹര മാതൃകയാണ് മറിയാമിന്റെ ജീവിതം. ഭയം നിറഞ്ഞ സാഹചര്യത്തിലും അവൾ യേശുവിനെ ഉപേക്ഷിച്ചില്ല; മറിച്ച് അവന്റെ കഷ്ടപ്പാടുകളുടെ സാക്ഷിയായി അവിടെ നിന്നു. അതുകൊണ്ടുതന്നെ അവളുടെ ജീവിതം ധൈര്യവും സ്ഥിരതയുമുള്ള വിശ്വാസത്തിന്റെ ശക്തമായ ഉദാഹരണമായി മാറുന്നു.

4. മാതൃത്വത്തിന്റെ മനോഹര മാതൃക

മറിയാമിന്റെ ജീവിതത്തിൽ കാണുന്ന മറ്റൊരു പ്രധാന സവിശേഷത അവളുടെ മാതൃത്വമാണ്. ബൈബിളിൽ അവളെ "യാക്കോബിന്റെയും യോസയുടേയും അമ്മ മറിയം" എന്ന് പരാമർശിക്കുന്നതായി കാണാം (വി. മത്തായി 27:56). ഈ പരാമർശം അവൾ ഒരു കുടുംബജീവിതം നയിച്ചിരുന്ന സ്ത്രീയായി

രുന്നു എന്നും, ഒരു മാതാവെന്ന നിലയിൽ അവൾക്ക് പ്രത്യേകമായൊരു പങ്കുണ്ടായിരുന്നുവെന്നും അവളുടെ ജീവിതത്തിൽ മാതൃത്വം ഒരു പ്രധാനപ്പെട്ട ഭാഗമായിരുന്നുവെന്നും മനസ്സിലാക്കാം. ബൈബിളിൽ പലപ്പോഴും ഒരാളെ തിരിച്ചറിയാൻ അവന്റെ കുടുംബബന്ധങ്ങൾ ഉപയോഗിക്കാറുണ്ട്.

ഒരു മാതാവിന്റെ ജീവിതം കുട്ടികളെ വളർത്തുന്നതിനേക്കാൾ കൂടുതലാണ്. അവർ അവരുടെ മക്കൾക്ക് ജീവിതമൂല്യങ്ങളും വിശ്വാസവും ആത്മീയതയും പകർന്നു നൽകുന്നവരാണ്. മറിയാമിന്റെ ജീവിതത്തിലും ഇത് കാണാൻ കഴിയും. അവളുടെ മകനായ യാക്കോബ് പിന്നീട് ക്രിസ്തീയ വിശ്വാസത്തിൽ പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായി അറിയപ്പെടുന്നു. ഇത് അവൾ തന്റെ കുടുംബത്തിൽ വിശ്വാസത്തിന്റെ അന്തരീക്ഷം വളർത്തിയെടുത്ത മാതാവായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

മാതൃത്വം ഒരു വലിയ ഉത്തരവാദിത്വമാണ്. ഒരു അമ്മ തന്റെ മക്കളെ ശാരീരികമായി മാത്രമല്ല, ആത്മീയമായും വളർത്തേണ്ടതുണ്ട്. ദൈവത്തെ അറിയുന്ന, സത്യത്തിൽ നടക്കുന്ന, വ്യക്തികളായി അവരെ രൂപപ്പെടുത്തുക എന്നത് ഒരു വിശ്വാസിയായ മാതാവിന്റെ പ്രധാന കടമയാണ്. മറിയത്തിന്റെ ജീവിതം ഈ ഉത്തരവാദിത്വത്തെ വളരെ മനോഹരമായി പ്രതിഫലിപ്പിക്കുന്നു.

അവൾ യേശുവിനെ പിന്തുടർന്ന സ്ത്രീകളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നതിനാൽ കുടുംബജീവിതത്തോടൊപ്പം അവളുടെ വിശ്വാസവും നിലനിന്നിരുന്നുവെന്ന് വ്യക്തമാകുന്നു. അവൾ ഒരു അമ്മയായിരുന്നുവെങ്കിലും ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായിരുന്നുവെന്നത് അവളുടെ ആത്മീയ ജീവിതത്തിന്റെ ആഴം വ്യക്തമാക്കുന്നു. ഇത് കുടുംബജീവിതവും ആത്മീയ ജീവിതവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് നമ്മെ പഠിപ്പിക്കുന്നു.

മറിയാമിന്റെ ജീവിതം ഇന്നത്തെ മാതാപിതാക്കൾക്ക് വലിയ പ്രചോദനമാണ്. ഒരു അമ്മയുടെ വിശ്വാസവും ആത്മീയജീവിതവും മക്കളുടെ ജീവിതത്തെ സ്വാധീനിക്കാനാകുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. മാതാപിതാക്കൾ വിശ്വാസത്തിൽ ഉറച്ചുനിൽക്കുമ്പോൾ അവരുടെ മക്കളും ആ വിശ്വാസത്തിന്റെ പാതയിൽ വളരാൻ സാധ്യത കൂടുതലാണ്.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിശ്വാസമുള്ള ഒരു മാതാവിന്റെ മനോഹര മാതൃകയായി കാണപ്പെടുന്നു. കുടുംബത്തെ സംരക്ഷിക്കുകയും മക്കളെ നല്ല മൂല്യങ്ങളിലേക്കും വിശ്വാസത്തിലേക്കും നയിക്കുകയും ചെയ്യുന്ന മാതൃത്വത്തിന്റെ മഹത്വം അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. അവളുടെ മാതൃത്വം ക്രിസ്തീയ വിശ്വാസത്തിൽ ഒരു പ്രചോദനകരമായ ഉദാഹരണമായി തുടരുന്നു.

5. വിനയവും സേവന മനോഭാവവും

മറിയാമിന്റെ ജീവിതത്തിൽ വളരെ വ്യക്തമായി കാണുന്ന മറ്റൊരു ആത്മീയ ഗുണമാണ് അവളുടെ വിനയവും സേവന മനോഭാവവും. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വളരെ കുറച്ച് വിവരങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. എന്നാൽ ആ ചെറിയ പരാമർശങ്ങൾക്കുള്ളിൽ തന്നെ അവളുടെ വിനയപൂർണ്ണമായ ജീവിതവും ദൈവത്തിന്റെ പ്രവർത്തനത്തിൽ അവൾ എടുത്ത പങ്കും വ്യക്തമായി കാണാൻ കഴിയും.

വി. മർക്കോസ് 15:41 ൽ ഗലീലയിൽ നിന്ന് യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചിരുന്ന സ്ത്രീകളെക്കുറിച്ച് പറയുമ്പോൾ മറിയത്തെയും ഉൾപ്പെടുത്തുന്നു. ഇത് അവൾ യേശുവിന്റെ ശുശ്രൂഷയെ ശാന്തമായും ആത്മാർത്ഥമായും പിന്തുണച്ചിരുന്നുവെന്ന് കാണിക്കുന്നു. അവൾ പ്രകടനപരത ഉള്ളവളായിരുന്നില്ല; എന്നാൽ തിരശ്ശീലയ്കു പിന്നിൽ നിന്നുകൊണ്ട് സേവനം ചെയ്യുന്ന വിശ്വസ്തയായിരുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ സമയത്ത് ചില സ്ത്രീകൾ അവനെ പിന്തുടർന്ന് അവന്റെയും അവന്റെ ശിഷ്യന്മാരുടെയും ആവശ്യങ്ങളിൽ സഹായിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. ഈ സേവനം പലപ്പോഴും ശ്രദ്ധിക്കപ്പെടാത്തതും പുറത്തേക്ക് വലിയ പ്രശസ്തി ലഭിക്കാത്തതുമായിരുന്നെങ്കിലും അതിന് വലിയ ആത്മീയ വിലയുണ്ടായിരുന്നു. മറിയവും അത്തരത്തിലുള്ള വിനയപൂർണ്ണമായ സേവനത്തിൽ പങ്കാളിയായിരുന്നുവെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. വിനയം എന്നത് തന്നെത്തന്നെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കാതെ ദൈവത്തിന്റെ പ്രവർത്തനത്തിൽ ശാന്തമായി പങ്കാളിയായിരിക്കുകയാണ്. മറിയാമിന്റെ ജീവിതത്തിൽ ഈ ഗുണം വളരെ വ്യക്തമായി കാണാം. അവൾ തന്റെ വിശ്വാസത്തെ വലിയ വാക്കുകളിൽ പ്രകടിപ്പിച്ചില്ല; എന്നാൽ തന്റെ പ്രവർത്തികളിലൂടെ അത് തെളിയിച്ചു. യേശുവിനെ പിന്തുടർന്ന് അവനെ സേവിച്ചതിലൂടെ അവൾ തന്റെ സ്നേഹവും വിശ്വാസവും പ്രകടിപ്പിച്ചു.

കൂടാതെ, അവൾ പ്രശസ്തിയോ അംഗീകാരമോ തേടിയിരുന്നില്ല. ബൈബിളിൽ അവളുടെ ജീവിതത്തെക്കുറിച്ച് വലിയ വിവരണങ്ങൾ ഇല്ലാത്തത് തന്നെ അവളുടെ വിനയത്തിന്റെ ഒരു സൂചനയായി കാണാം. എന്നിരുന്നാലും യേശുവിന്റെ ജീവിതത്തിലെ നിർണായകമായ ചില സംഭവങ്ങളിൽ അവൾ ഉണ്ടായിരുന്നത് ദൈവത്തിന്റെ പ്രവർത്തനത്തിൽ അവൾ വിശ്വസ്തമായി പങ്കാളിയായിരുന്നുവെന്ന് കാണിക്കുന്നു. മറിയാമിന്റെ ഈ വിനയപൂർണ്ണമായ സേവനം വിശ്വാസികൾക്ക് ഒരു പ്രധാനപ്പെട്ട ആത്മീയ പാഠം നൽകുന്നു. ദൈവത്തിന്റെ രാജ്യത്തിൽ സേവനം ചെയ്യുന്നത് പ്രശസ്തി നേടുന്നതിനോ മറ്റുള്ളവരുടെ ശ്രദ്ധ നേടുന്നതിനോ അല്ല. മറിച്ച് ദൈവത്തോടുള്ള സ്നേഹവും വിശ്വാസവും മൂലം സേവിക്കുന്നതാണ് യഥാർത്ഥ സേവനം.

അതുകൊണ്ട് തന്നെ മറിയാമിന്റെ ജീവിതം വിനയത്തോടും സേവന മനോഭാവത്തോടും കൂടി ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായിരുന്ന ഒരാളുടെ മനോഹരമായ ഉദാഹരണമാണ്. അവൾ വലിയ സ്ഥാനങ്ങൾ നേടിയില്ലെങ്കിലും വിശ്വസ്തതയോടെ സേവിച്ചവളായിരുന്നു. അതുകൊണ്ട് തന്നെ ദൈവത്തെ സ്നേഹിക്കുന്നവർ വിനയത്തോടും സമർപ്പണത്തോടും കൂടി സേവിക്കേണ്ടതിന്റെ ഒരു ശക്തമായ ഓർമ്മപ്പെടുത്തലും വിശ്വാസികൾക്കുള്ള ഒരു പ്രചോദനവുമാണ് അവളുടെ ജീവിതം.

യാക്കോബിന്റെയും യോസയുടേയും അമ്മ മറിയത്തെക്കുറിച്ച് ബൈബിളിൽ വളരെ കുറച്ച് പരാമർശങ്ങൾ മാത്രമേ കാണുന്നുള്ളൂ. എന്നിരുന്നാലും ആ ചെറിയ പരാമർശങ്ങൾ പോലും അവളുടെ ജീവിതത്തിന്റെ ആത്മീയ മഹത്വം വ്യക്തമാക്കുന്നു. യേശുവിന്റെ ജീവിതത്തിലെ ഏറ്റവും നിർണായകവും ദുഃഖകരവുമായ സമയങ്ങളിൽ അവൾ സാക്ഷിയായി നിന്നത് അവളുടെ വിശ്വാസത്തിന്റെ ശക്തിയും ആത്മാർത്ഥതയും കാണിക്കുന്നു.

യേശുക്രിസ്തു ക്രൂശിക്കപ്പെട്ട സമയത്ത് പലരും ഭയന്ന് മാറിനിന്നപ്പോൾ, മറിയത്തിനെ പോലുള്ള വിശ്വസ്തരായ സ്ത്രീകൾ അവിടെ നിന്നു. വി. മത്തായി 27:56 ഉം വി. മർക്കോസ് 15:40 ഉം പറയുന്നതുപോലെ അവൾ ക്രൂശുമരണത്തിന്റെ സാക്ഷികളിൽ ഒരാളായിരുന്നു. ഇത് അവളുടെ ധൈര്യവും വിശ്വാസത്തിലെ ഉറച്ച നിലപാടും വ്യക്തമാക്കുന്നു.

അതുപോലെ തന്നെ യേശുവിനെ അടക്കം ചെയ്തശേഷവും അവൾ അവിടെ നിന്നു. വി. മത്തായി 27:61 ൽ പറയുന്നതുപോലെ അവൾ കല്ലറയ്ക്കു മുമ്പിൽ ഇരുന്ന് അത് ശ്രദ്ധിച്ചു. പിന്നീട് യേശുവിന്റെ ശരീരത്തെ പൂശേണ്ടതിന്നു സുഗന്ധദ്രവ്യങ്ങൾ കൊണ്ടു കല്ലറയിലേക്ക് വന്ന സ്ത്രീകളിൽ ഒരാളായും അവൾ പരാമർശിക്കപ്പെടുന്നു (വി. മർക്കോസ് 16:1). ഇതിലൂടെ അവളുടെ സ്നേഹവും സമർപ്പണവും അവസാനത്തോളം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാം.

മറിയാമിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് വിശ്വാസത്തിന്റെ യഥാർത്ഥ അർത്ഥമാണ്. വിശ്വാസം വെറും വാക്കുകളിൽ മാത്രമല്ല, കഷ്ടപ്പാടുകളിലും പരീക്ഷണങ്ങളിലുമാണ് അതിന്റെ യഥാർത്ഥ ശക്തി പ്രകടമാകുന്നത്. യേശുവിന്റെ കഷ്ടപ്പാടുകളുടെ സമയത്തും അവൾ അവിടെ നിന്നത് വിശ്വാസത്തിൽ സ്ഥിരതയുള്ള ജീവിതത്തിന്റെ ഉദാഹരണമാണ്.

കൂടാതെ അവളുടെ ജീവിതം വിനയത്തിന്റെയും സേവന മനോഭാവത്തിന്റെയും മാതൃകയാണ്. അവൾ വലിയ പ്രശസ്തി തേടിയില്ല; എന്നാൽ ശാന്തമായും ആത്മാർത്ഥമായും ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി. ഈ കാരണത്താൽ തന്നെ അവളുടെ ജീവിതം വിശ്വാസികൾക്ക് പ്രചോദനമാണ്.

ഇങ്ങനെ നോക്കുമ്പോൾ, ബൈബിളിൽ ചെറിയ പരാമർശങ്ങൾ മാത്രമുള്ള ഒരാളായിരുന്നാലും യാക്കോബിന്റെയും യോസയുടേയും അമ്മ മറിയാമിന്റെ ജീവിതം വലിയ ആത്മീയ പാഠങ്ങൾ നൽകുന്നു. വിശ്വാസം, ധൈര്യം, സമർപ്പണം, വിനയം എന്നിവയിലൂടെ ദൈവത്തോടുള്ള ജീവിതം എങ്ങനെയായിരിക്കണം എന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെയാണ് അവളുടെ ജീവിതം ഇന്നും നമുക്ക് ആത്മീയ പ്രചോദനമായി തുടരുന്നത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഓപ്പറേഷൻ തൂഫാന് പൂർണ്ണ പിന്തുണയുമായി മലബാർ ഭദ്രാസനം

നിലമ്പൂർ: ലഹരിക്കെതിരെ സഭയും സമൂഹവും കൈകോർക്കുന്നതിന്റെ ഭാഗമായി മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് നിലമ്പൂർ എം.എൽ.എ. ആര്യാടൻ ഷൗക്കത്തുമായി കൂടിക്കാഴ്ച നടത്തി. നാടിനെ ഗ്രസിക്കുന്ന ലഹരി എന്ന സാമൂഹിക വിപത്തിനെതിരെ നടന്നു വരുന്ന 'തൂഫാൻ' ജനകീയ മുന്നേറ്റത്തിന് സഭയുടെ പൂർണ്ണമായ ഐക്യദാർഢ്യവും പിന്തുണയും അഭിവന്ദ്യ തിരുമേനി അറിയിച്ചു. നാളത്തെ തലമുറയെ ലഹരിയുടെ കരിനിഴലിൽ നിന്ന് സംരക്ഷിക്കാൻ ഇത്തരം കൂട്ടായ്മകൾ അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്ന് ഇന്നത്തെ സമകാലിക രാഷ്ട്രീയ-സാമൂഹിക വിഷയങ്ങളെക്കുറിച്ചും മണ്ഡലത്തിലെ വിവിധ വികസന കാര്യങ്ങളെക്കുറിച്ചും സൗഹൃദപരമായി ചർച്ചകൾ നടത്തി. മറ്റ് പ്രമുഖ യു.ഡി.എഫ്. നേതാക്കളും ഈ സുപ്രധാന കൂടിക്കാഴ്ചയിൽ ഒപ്പമുണ്ടായിരുന്നു.



സമാധാനത്തിന്റെ സുവിശേഷം

കോട്ടയം: മാനവികതയ്ക്കും സമ്പദ് വ്യവസ്ഥയ്ക്കും ആഘാതം സൃഷ്ടിക്കുന്ന യുദ്ധം രാഷ്ട്രീയ അധികാരത്തിന്റെ ദുർവിനയോഗമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ അധ്യക്ഷൻ ഫാ. ഡോ. കെ. എം. ജോർജ്ജ് പറഞ്ഞു. അതിർത്തികളിൽ നിന്നും സാധാരണ മനുഷ്യ ജീവിതത്തിലേക്ക് അതിശീഘ്രം സംക്രമിക്കുന്ന ആഗോള യുദ്ധ പശ്ചാത്തലത്തിൽ സമാധാനത്തിന്റെ സുവിശേഷം വിളംബരം ചെയ്യുവാൻ എല്ലാ വിഭാഗം ജനങ്ങൾക്കും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ യുദ്ധവും മനുഷ്യരാശിയുടെ ഭാവിയും എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. റോയി ഇന്റർ നാഷണൽ ഫൗണ്ടേഷൻ ചെയർമാൻ ഡോ. ചെറിയാൻ ഈപ്പൻ മുഖ്യപ്രഭാഷണം നടത്തി. സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ. ഡോ. ബിജേഷ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.



ഡെറിൻ രാജു

ഒന്നുമില്ലാത്തവന്റെ, പറയാൻ ഒരു ഗുരുവിന്റെ മേൽവിലാസം പോലും ഇല്ലാത്തവന്റെ ഒരു ആഹ്വാനം!

'എന്നെ അനുഗമിക്കുക.'

അത് കേട്ട് വള്ളവും വലയും സ്വന്തം അപ്പനെ തന്നെയും ഉപേക്ഷിച്ചിറങ്ങിയ ഒരുപറ്റം യുവാക്കൾ. നസറായന്റെ മതത്തിന്റെ സത്ത ആദ്യം അനുഭവിച്ചവരും തിരിച്ചറിഞ്ഞവരുമാണ് ആ പന്ത്രണ്ട് പേർ. ഏതെങ്കിലും ഒരു ജീവിതാനുഭവത്തിന്റെ പുറത്ത് ആയിരിക്കാം അവർ രണ്ടാമതൊന്നാലോചിക്കാതെ അവന്റെ പിന്നാലെ കൂടിയത്. അത് തങ്ങളുടെ പ്രതീക്ഷയിൽ കവിഞ്ഞ ഒരു മത്സ്യലഭ്യത ആയിരിക്കാം. അല്ലെങ്കിൽ ആരും ഇല്ലാതിരുന്ന ഒരു അത്തിമരച്ചുവട്ടിൽ നീ ഇരിക്കുന്നത് ഞാൻ കണ്ടു എന്ന ഒരു വെളിപ്പെടുത്തൽ ആയിരിക്കാം. അതുമല്ലെങ്കിൽ ഇതാണ് കുഞ്ഞാട് എന്ന തങ്ങളുടെ ആദ്യ ഗുരുവിന്റെ പ്രഖ്യാപനത്തിന്റെ വിശ്വാസ്യതയിൽ ആയിരിക്കാം ആ ചെറുസംഘം പലരായി അവനൊപ്പം ചേർന്നത്.

ശിഷ്യന്റെ പ്രാഥമികദൗത്യം ഗുരുവിനെ പൂർണാർഥത്തിൽ പിന്തുടരുകയാണ്. അത് അവർ അങ്ങേയറ്റം പൂർണതയിൽ പാലിക്കാൻ ശ്രമിക്കുന്നുണ്ട്. അഞ്ചപ്പം മാത്രം കൈയിൽ ഇരിക്കുമ്പോഴും അവർ അവൻ പറഞ്ഞതു കേട്ട് ആ ജനത്തെ പുൽപ്പുറത്ത് പന്തിക്കിരുത്തുന്നുണ്ട്. തങ്ങൾ ചെന്ന് പറയുമ്പോൾ ഉടമസ്ഥൻ അതിനെ വിട്ടു തരുമോ എന്ന് സംശയിക്കാതെ അവരിൽ രണ്ട് പേർ കഴുതയെ വാങ്ങാൻ പോകുന്നുണ്ട്. കുടവുമായി വെള്ളം കോരാൻ പോകുന്നത് സ്ത്രീകളുടെ ജോലിയായിരുന്ന ഒരു കാലത്ത് പട്ടണത്തിൽ വെള്ളം ചുമന്നുകൊണ്ടു പോകുന്ന ഒരു ചെറുപ്പക്കാരനെ നിങ്ങൾ കണ്ടെത്തുമെന്നും അവൻ കണ്ടിട്ടില്ലാത്ത നിങ്ങൾക്കായി ഒരു മാളിക തുറന്നു തരുമെന്നും അവൻ പറഞ്ഞത് വിശ്വസിച്ചാണവർ പോയത്.

ആ വിശ്വാസമാണ് അവരെ അന്ന് ആ ഞായറാഴ്ച പുലർകാലത്തിൽ അവന്റെ കല്ലറയോളം ഓടിയെത്തുന്നതിനു വരെ അവരെ സജ്ജരാക്കിയത്. ലോകാവസാനത്തോളം കൂടെയുണ്ടാകുമെന്ന അവന്റെ വാക്ക് വിശ്വസിച്ചാണ് അവർ ഇറങ്ങിപ്പുറപ്പെട്ടത്. അവനോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായാണവർ തങ്ങളുടെ ശരീരങ്ങളെ ഭേദ്യങ്ങൾക്കും മുറിവുകൾക്കും മരണത്തിനും ഏൽപ്പിച്ചു കൊടുത്തത്. അവരുടെ ഓർമ്മയ്ക്കൊപ്പമാണ് ഇനി രണ്ടാഴ്ച.

❑

വചനതീർത്ഥം



പെന്തിക്കോസ്തിക്ക് ശേഷം നാലാം ഞായർ

(വി. മത്തായി 14:14-23)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

നാല് സുവിശേഷങ്ങളും ഒന്നുപോലെ പ്രതിപാദിക്കുന്ന അടയാളമാണ് ഇന്നത്തെ വേദഭാഗം. ജനക്കൂട്ടത്തോടൊപ്പം ആയിരിക്കുവാൻ ആഗ്രഹിച്ച കർത്താവ് അവരുടെ സാധാരണ ജീവിതങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ജീവൻറെ അപ്പമായി നൽകപ്പെട്ട കർത്താവ് മനുഷ്യ ജീവിതങ്ങളുടെ ഭൗതിക ആവശ്യങ്ങളുടെയും പരിഹാരമായി കടന്നുവരുന്ന സംഭവമാണിത്. ക്രൈസ്തവ ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്ന ചില പാഠങ്ങളും ഈ സംഭവം പകർന്നു നൽകുന്നു.

കരുണയുടെ പാഠം (Lesson of Compassion)

അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിലെ അതിമനോഹരമായ പരാമർശങ്ങളിൽ ഒന്നാണ് 'പുരുഷാരത്തെ കണ്ട് അവന് അവരിൽ മനസ്സലിഞ്ഞു' എന്നത്. കർത്താവിനോടൊപ്പം ആയിരുന്ന ഒരു വലിയ സമൂഹമാണ് ഇവിടെയുള്ളത്. അവരെ മടക്കി അയക്കുക എന്ന സ്വാഭാവികമായ പ്രക്രിയയ്ക്ക് അപ്പുറത്ത് അവർക്ക് ഭക്ഷിക്കുവാൻ കൊടുക്കുക എന്ന വലിയ ഉത്തരവാദിത്വം കർത്താവ് ഏറ്റെടുക്കുകയാണ്. തന്നോടൊപ്പം ഉള്ള ജനം കരുണ അർഹിക്കുന്നവരാണ് എന്ന ബോധ്യമാകാം കർത്താവിനെ ഇപ്രകാരം ചിന്തിപ്പിച്ചത്. ആത്മീയ ആഹാരത്തിനൊപ്പം ഭൗതിക ആഹാരവും നൽകുമ്പോഴാണ് ക്രൈസ്തവ സാക്ഷ്യം പൂർണ്ണമാകുന്നത് എന്ന പാഠം നാം ശ്രദ്ധിക്കണം. ഒരുപക്ഷേ കർത്താവ് മനുഷ്യാവതാര കാലത്ത് ചെയ്ത എല്ലാ അടയാളങ്ങളും ഇത്തരം ഒരു നയത്തിൽ നിന്നും ആകണം.

അപ്പം വർദ്ധിപ്പിച്ച അടയാളം എന്നതിലുപരി കരുണ വ്യാപരിപ്പിക്കേണ്ടതിന്റെ പാഠമാണ് കർത്താവ് ഇവിടെ പഠിപ്പിക്കുന്നത്. തൻറെ ശിഷ്യന്മാരെയും ഈ കരുണയുടെ ഭാഗമാക്കുവാനുള്ള കർത്താവിൻറെ ശ്രമമാണ് "നിങ്ങൾ അവർക്ക് ഭക്ഷണം കൊടുക്കുവിൻ" എന്ന നിർദ്ദേശത്തിൽ ഉള്ളത്. പരിഗണനയും കരുണയും (Consideration and Compassion) ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന ദർശനങ്ങളാണ്.

ഓരോ മനുഷ്യനും ആവശ്യങ്ങൾ ഉണ്ട് എന്ന തിരിച്ചറിവ്, അവന്റെ ആവശ്യത്തിൽ എനിക്കും സഹായകനാകാം എന്ന ബോധ്യം, എനിക്കുള്ളത് അവർക്കും പര്യാപ്തമാകും എന്ന താത്പര്യം തുടങ്ങി കരുണയുടെ വിവിധ പാഠങ്ങൾ ഈ സംഭവത്തിൽ വ്യക്തമാണ്. കണക്കുകൂട്ടലുകൾക്കപ്പുറത്ത് നമ്മോടൊപ്പം ഉള്ളവർ കരുണ അർഹിക്കുന്നവരാണ് എന്ന ബോധ്യം ഓരോ ക്രിസ്ത്യാനിക്കും ഉണ്ടാവണം.

പ്രശ്നപരിഹാരത്തിന്റെ പാഠം (Lesson of Problem Solving)

ശുഭ പര്യവസായ ഒരു സംഭവമാണ് ഇതെങ്കിലും പ്രാരംഭത്തിൽ വളരെ ശക്തമായ ഒരു പ്രതിസന്ധിയാണ് ആ കൂട്ടം നേരിടുന്നത്. രൂപപ്പെട്ടു വരുന്ന പ്രശ്നങ്ങൾ എപ്രകാരമാണ് പരിഹരിക്കേണ്ടത് എന്ന കൃത്യമായ മാർഗമാണ് ഇവിടെ നമുക്ക് ലഭിക്കുന്നത്.

പ്രതിസന്ധിയുടെ മുൻപിൽ പകച്ചു നിൽക്കരുത് എന്ന പാഠമാണ് ഒന്നാമത് കർത്താവ് നൽകുന്നത്. എന്തിനെയും നേരിടുവാനുള്ള ധൈര്യവും കാര്യശേഷിയും ആണ് ഇവർക്ക് ഭക്ഷണം കൊടുക്കണം എന്ന കർത്താവിന്റെ തീരുമാനത്തിൽ നാം കാണുന്നത്. നിങ്ങളും കൂടെ ചേരുമ്പോഴാണ് ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുന്നത് എന്ന് കർത്താവ് ശിഷ്യന്മാരോട് പറയുമ്പോൾ കൂട്ടായ അധ്വാനത്തിന്റെ പാഠമാണ് പകർന്ന് നൽകുന്നത്. പല പ്രതിസന്ധികളുടെയും മുൻപിൽ ഒറ്റയ്ക്ക് പകച്ചു നിൽക്കുമ്പോൾ സഹവർത്തിത്വത്തിന്റെ സാധ്യതകൾ അന്വേഷിക്കുവാൻ നമുക്കും കഴിയണം.



ലഭ്യമായ സാധ്യതകളുടെ അന്വേഷണവും ഉപയോഗവുമാണ് അടുത്ത പാഠം. കൈവശമുള്ളത് നിസ്സാരമാണെങ്കിലും അവയും മൂല്യമേറിയതാണ് എന്ന് നാം മറന്നു പോകരുത്. ഗോലിയാത്ത് കൊല്ലപ്പെട്ടത് നിസ്സാരമായ കല്ലുകൾ കൊണ്ടായിരുന്നു. ഏതൊരു പ്രശ്നത്തിനും നമ്മെക്കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിലെ നിഷ്ക്രിയതകൾ വെടിയുവാനും അധ്വാനിക്കുവാനുമുള്ള താത്പര്യം നാം വർദ്ധിപ്പിക്കണം. പല പ്രശ്നങ്ങളും പരിഹാരം നമ്മിൽ തന്നെയുണ്ട്.

എല്ലാറ്റിലും ഉപരിയായി പൂർണ്ണ വിശ്വാസത്തോടും സമർപ്പണത്തോടും ദൈവത്തിൽ ആശ്രയിക്കുമ്പോഴാണ് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത്. പങ്കിടുവാനുള്ള മനസ്സും സമർപ്പിക്കുവാനുള്ള താൽപര്യവും ആചഞ്ചലമായ വിശ്വാസവും പ്രതിസന്ധികളെ നിസാരമാക്കുമെന്ന് ഈ സംഭവം നമ്മെ ഓർമിപ്പിക്കുന്നു.


❑

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

You give them something to eat

Fourth Sunday after Pentecost
(St. Matthew 14:14–23)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Today's meditation topic is a miraculous event that all four evangelists have explained in the same way. The event where our Lord, during the days of His incarnation, multiplied five loaves and two fish to feed five thousand people. Kingdom of God Proclamation, This event takes place in connection with Christ's preaching of the Kingdom of God. It is recorded that "they ate and were satisfied," which reminds us of the divine promises regarding abundance. Verses 9 to 11 of chapter 49 of the book of the glorious prophet Isaiah can be considered an example of this. The number twelve is also shown to have importance here. The tribes of Israel were 12. The number of apostles who were the builders of the Holy Church, which became the new Israel, was also 12. The indication that after the crowd gathered there ate and were satisfied, the remaining fragments of bread filled 12 baskets, refers to the Holy Church as the new Israel built by Christ based on the 12 apostles, and its spiritual fullness. We can think about this event on various levels.



The Creator who knows the thoughts of the mind and cares for them

St. Matthew 14:14 says: 'When he went ashore, he saw a great crowd; and he had compassion for them'. Even before you ask, knowing what you need, Our Heavenly Father is able to give those to you. Our Lord Himself reminds us of this, doesn't He? In the days of our Lord's earthly ministry, we can see numerous examples of His compassion. The Creator descended into the midst of His creation to be a support and shelter for them in all their weaknesses and shortcomings. The Lord proclaims: 'Come to me, all you who weary and carry heavy burdens, and I will give you rest.' Here, that great crowd of people has been with Jesus for days. Just as He satisfied the hunger of their souls, He also works to fulfil their physical needs.

Holy Apostle Paul reminds us: 'Let the same mind be in you that was in Christ Jesus.' Having the mind of Christ means being able to see and care for others. The attitude within oneself is to know the thoughts and feelings of others and to embrace them. Today, this is often exactly what we have lost. We are unable to understand the person standing next to us and the situations they are passing through. The pain of the multitude that followed Him became the pain of Jesus. Christ understood the conditions of their hardships and crises, and reacted to them proactively.

We must pass through the experience of sharing

When Christ commands, 'You give them something to eat,' the disciples reply, 'We have here only five loaves of bread and two fish.' The helpless state of the disciples is visible in these very words. However, when they offer it in obedience to the Master's command, it becomes the cause for miracles. It is the experience of sharing that becomes the basis for great things. In other gospel passages, we can see that it was a young boy who surrendered what he had in this manner for the sake of others.

Sharing is the foundation of relationships. In all our homes in times past, such experiences of sharing were abundant. However, as time passed and relationships and values were reconstructed in parallel with cultural changes, sharing became irrelevant. The boundaries that were once separated by a hedge on the same plot of land, or by trees formed by nature itself, bore witness to these mutually affectionate and loving exchanges. Today, when giant walls have risen between houses, they have risen through human minds as well.

It is an imperative necessity to examine what the early Church was like. They considered everything they had to be common property. Therefore, there were no divisions among them as those who have and those who have not. But today, the truth is that even our churches are deeply consumed by an attitude of division. In an era when even the small helping hands we extend to our brothers are celebrated, we conveniently forget the Lord's commandment: 'Charity you do, do it in secret.'


We must be fully surrendered to the divine will. The five loaves and two fish were very small in the sight of everyone. However, when it was surrendered before God, He blessed it, broke it, and gave it to the people. What was a shortage turned into an experience of fullness. We too are people with various kinds of shortcomings. But if we surrender ourselves completely, we can see that shortage turning into an experience of fullness. Is that not why the Fathers prayed in this manner: 'Lord, grant me the grace to offer myself as an oblation in Thy presence, and to offer myself as a sweet fragrance unto Thee.' (Enne thante sannidhiyil…)

When there is an experience of surrender, brokenness is natural. If a grain of wheat does not fall into the ground and die, it remains useless. But when it falls into the earth and is broken, it becomes useful to many. Christ too is being broken for us in every Holy Qurbana. It is that brokenness that becomes the cause of eternal life for us. May we be able to care for others, pass through the experience of sharing, fully submit to the divine will, and be broken. In that manner, let the very mind of Christ be in us as well. ❑

മറുപുറം

ഭൂപടത്തിന് പുറത്തേക്കുള്ള മടങ്ങൽ

ഫാ. അജീഷ് ബാബു



വീട്ടിൽനിന്ന് അവകാശം വാങ്ങി ഇറങ്ങിപ്പോയവൻ പന്നിക്കൂട്ടിൽ മനുഷ്യൻ തോൽക്കുമ്പോൾ, അത് ഒരു ശരീരപരമായ തോൽവി മാത്രമല്ല; അത് അവന്റെ ഭൂപടം പൊളിഞ്ഞുപോകുന്ന നിമിഷമാണ്. ഒരിക്കൽ ''എന്റെ'' എന്ന് വിളിച്ചിടങ്ങളുടെയും, ''എന്നെ'' എന്ന് തിരിച്ചറിഞ്ഞ മുഖങ്ങളുടെയും, "നിന്റെവൻ" എന്ന് വിളിച്ച ശബ്ദങ്ങളുടെയും ഭൂപടം അവിടെ ചിതറിപ്പോകുന്നു. വിശപ്പിന്റെ കഠിനതയിൽ, അവൻ ഭക്ഷണത്തിനായി കൈ നീട്ടുമ്പോൾ, പന്നികൾ തന്നെ അവനെ മറികടക്കുന്നു; അപ്പോൾ അവൻ തിരിച്ചറിയുന്നു. തന്റെ വിശപ്പിനും ഇനി ഒരു തിരിച്ചറിയലില്ല. അതുപോലെ, തന്റെ ജീവിതത്തിനും.

"ഭൂപടം" ഒരു ഭൂമിശാസ്ത്രരേഖയല്ല; അത് ബന്ധങ്ങളുടെ അന്തർലോകമാണ്. നമ്മൾ ആരെ സ്നേഹിക്കണം, ആരെ ഒഴിവാക്കണം, ആരെ സ്വന്തമെന്ന് വിളിക്കണം, ആരെ അന്യനാക്കണം. ഇതെല്ലാം നിർണ്ണയിക്കുന്ന അദൃശ്യരേഖകളുടെ കൂട്ടായ്മയാണ് ഭൂപടം. ആ രേഖകൾ ഒരിക്കൽ അവനുവേണ്ടി വരച്ചതായിരുന്നു; എന്നാൽ ഇപ്പോൾ അവൻ അവയുടെ പുറത്താണ്. ഭൂപടത്തിൽ സ്ഥാനമില്ലാതെ പോകുന്ന മനുഷ്യൻ, അതാണ് അവന്റെ ഏറ്റവും വലിയ ദുരന്തം. കാരണം, സ്ഥലം നഷ്ടപ്പെടുന്നത് വെറും ഇടം നഷ്ടപ്പെടൽ അല്ല; അത് അർത്ഥം നഷ്ടപ്പെടലാണ്.

പന്നിക്കൂട്ടിൽ നിൽക്കുന്ന ഈ മനുഷ്യൻ, തന്റെ ശരീരത്തിൽ തന്നെ ഈ സത്യത്തെ അനുഭവിക്കുന്നു. അവൻ ഇനി ആരുടേയോ പുത്രൻ അല്ല; ആരുടേയോ ഓർമ്മയിലും പോലും ഇല്ലാത്തവൻ. ഭൂപടത്തിന്റെ രേഖകൾ അവനെ പുറത്താക്കി കഴിഞ്ഞു. ''നമ്മൾ'' എന്നും ''അവർ'' എന്നും വേർതിരിച്ചിരുന്ന ലോകം, അവനെ "ആരും അല്ല'' എന്ന നിലയിലേക്ക് തള്ളിയിരിക്കുന്നു.

അവിടെ നിന്നാണ് ഓർമ്മ ഉയരുന്നത്, "എന്റെ ഭവനം...' ഈ ഓർമ്മ ഒരു സ്മരണം മാത്രമല്ല; അത് ഭൂപടത്തിന്റെ ഒരു തകർന്ന ഭാഗം വീണ്ടും തെളിയുന്നതാണ്. പക്ഷേ, ഈ ഓർമ്മയുടെ വിചിത്രത എന്തെന്നാൽ, അത് സ്നേഹത്തിന്റെ ഭാഷയിൽ വരുന്നതിന് മുമ്പ്, വിശപ്പിന്റെ ഭാഷയിലാണ് വരുന്നത്. "അവശേഷിച്ച ഭക്ഷണം" ഈ വാക്ക്, ഒരു തുച്ഛതയുടെ അടയാളമല്ല; മറിച്ച് ഒരു ബന്ധത്തിന്റെ അവശിഷ്ടമാണ്. അവിടെ ശേഷിപ്പുകൾ പോലും അർത്ഥവത്താണ്, കാരണം അവയ്ക്ക് ഒരു "സ്വന്തം" ഉണ്ടായിരുന്നു. ഇവിടെ, അവൻ മുഴുവനായിട്ടും അർത്ഥശൂന്യനാണ്.

ഭൂപടം വീണ്ടും വായിക്കപ്പെടുന്നു.

മനുഷ്യൻ തന്റെ ജീവിതത്തിൽ വരച്ചിരുന്ന രേഖകൾ "ഇവൻ എന്റെവൻ", ''അവൻ അന്യൻ'', ''ഇവിടെ ഞാൻ ഉൾപ്പെടുന്നു'', ''അവിടെ ഞാൻ പുറത്താണ്'' ഇവ എല്ലാം ഇപ്പോൾ അവനെതിരായി മാറുന്നു. അവൻ തിരിച്ചറിയുന്നു: ഭൂപടം ഒരിക്കലും വസ്തുനിഷ്ഠമായിരുന്നില്ല; അത് ഒരു ഭ്രമം ആയിരുന്നു. അതിൽ വരച്ചിരുന്ന രേഖകൾ, അവനെ സംരക്ഷിച്ചില്ല; മറിച്ച് അവനെ പുറത്താക്കാൻ തന്നെ സഹായിച്ചു. അതിനാൽ, മടങ്ങൽ ഇവിടെ ഒരു യാത്ര മാത്രമല്ല; അത് ഒരു ഭൂപടവിമോചനമാണ്.

അവൻ മടങ്ങുമ്പോൾ, അവൻ ഒരു അവകാശവും കൊണ്ടുപോകുന്നില്ല. അവൻ തന്റെ സ്ഥാനം തിരിച്ചു ആവശ്യപ്പെടുന്നില്ല. അവൻ ഒരു സേവകന്റെ സ്ഥാനം മാത്രം അഭ്യർത്ഥിക്കുന്നു അതായത്, ഭൂപടത്തിന്റെ അരികിൽ എങ്കിലും നിലകൊള്ളാൻ. എന്നാൽ, ഈ ഉപമയുടെ അത്ഭുതം ഇവിടെ തന്നെയാണ്: പിതാവ് ഭൂപടത്തിന്റെ നിയമങ്ങൾ അനുസരിക്കുന്നില്ല. അവൻ രേഖകൾ ചോദിക്കുന്നില്ല; അവൻ അർഹത പരിശോധിക്കുന്നില്ല.

പിതാവ് കാത്തുനിൽക്കുന്നു, വീടിന്റെ മുൻവശത്ത്. ഒരു കാത്തിരിപ്പ് മാത്രമല്ല; ഇത് ഭൂപടത്തെ മറികടക്കുന്ന ഒരു സ്നേഹമാണ്. മനുഷ്യൻ വരച്ച രേഖകൾ എല്ലാം പിതാവിന്റെ ഹൃദയത്തിൽ ഇല്ലാതാകുന്നു. "നമ്മൾ" എന്നും "അവര്" എന്നും ഉള്ള എല്ലാ വിഭജനങ്ങളും അവിടെ തകർന്നുവീഴുന്നു.

പുത്രൻ മടങ്ങുമ്പോൾ, അവൻ ഒരു പരിധിക്കുള്ളിലേക്ക് പ്രവേശിക്കുന്നില്ല; അവൻ ഒരു പരിധിയില്ലാത്ത സ്നേഹത്തിലേക്ക് വീഴുന്നു.

ഇവിടെ നാം ഒരു പുതിയ ഭൂപടം കാണുന്നു. രേഖകളില്ലാത്ത ഒരു ഭൂപടം.

അർഹതകളില്ലാത്ത ഒരു ഭൂപടം.

വ്യത്യാസങ്ങളെ രേഖപ്പെടുത്താത്ത, മറിച്ച് അവയെ അലിഞ്ഞുചേരുന്ന ഒരു ഭൂപടം.

പുത്രൻ തന്റെ വാക്കുകൾ തയ്യാറാക്കുമ്പോൾ "ഞാൻ അർഹനല്ല...' അവൻ ഇപ്പോഴും പഴയ ഭൂപടത്തിന്റെ ഭാഷയിലാണ് സംസാരിക്കുന്നത്. അവിടെ അർഹതകൾ ഉണ്ട്, സ്ഥാനങ്ങൾ ഉണ്ട്, പരിധികൾ ഉണ്ട്. എന്നാൽ പിതാവ് അവനെ ചേർത്തുപിടിക്കുമ്പോൾ, ആ ഭാഷ തകർന്നുപോകുന്നു. ഇവിടെ വാക്കുകൾക്ക് മുമ്പ് സ്പർശം വരുന്നു; നിയമങ്ങൾക്ക് മുമ്പ് സ്നേഹം വരുന്നു.

അപ്പോൾ നമുക്ക് മനസ്സിലാകുന്നു: മടങ്ങൽ, ഭൂപടത്തിലേക്ക് തിരിച്ചുവരൽ അല്ല; മടങ്ങൽ, ഭൂപടം തന്നെ അനാവശ്യമായി മാറുന്ന ഒരു അനുഭവമാണ്.

പന്നിക്കൂട്ടിൽ തോറ്റ മനുഷ്യൻ, യഥാർത്ഥത്തിൽ ഒരു പുതിയ ലോകത്തിന്റെ വാതിൽക്കൽ നിൽക്കുകയാണ്. അവിടെ ''ആരും അല്ല" എന്ന അവസ്ഥ, "എല്ലാം ആകാൻ" തുറക്കുന്ന ഒരു വഴി ആകുന്നു. അവിടെ നഷ്ടപ്പെടൽ തന്നെ കണ്ടെത്തലായി മാറുന്നു. നമ്മൾ ഇപ്പോഴും രേഖകളിൽ കുടുങ്ങിയവരോ? നമ്മുടെ സ്നേഹം ഭൂപടങ്ങൾ അനുസരിച്ചാണോ സഞ്ചരിക്കുന്നത്? അല്ലെങ്കിൽ, ഒരിക്കൽ എങ്കിലും നമുക്ക് ആ രേഖകൾ കടക്കാൻ ധൈര്യമുണ്ടോ? കാരണം, പന്നിക്കൂട്ടിൽ നിന്നുള്ള മടങ്ങൽ, ഒരു വീട്ടിലേക്കുള്ള യാത്ര മാത്രമല്ല; അത് മനുഷ്യൻ തന്റെ തന്നെ വരച്ച ഭൂപടത്തിൽ നിന്ന് പുറത്തേക്കു വരാനുള്ള ധൈര്യമാണ്.

അവിടെ, വീടിന്റെ മുൻവശത്ത്,

ഇന്നും ഒരാൾ കാത്തുനിൽക്കുന്നു. രേഖകളില്ലാതെ, വ്യവസ്ഥകളില്ലാതെ, പേര് വിളിക്കാൻ മാത്രം തയ്യാറായി.

നമ്മുടെ മിത്രമാരെന്നും ശത്രുവാരെന്നും തീരുമാനിക്കുന്ന നമ്മുടെ സ്നേഹത്തിന് അർഹരാരെന്നും വിദ്വേഷത്തിനു വിധേയരാകേണ്ടവർ ആരെന്നും കേവലമായ ഉപേക്ഷയ്ക്ക് ഇരകൾ ആരെന്നും തീരുമാനിക്കുന്ന ഛേദിക്കപ്പെട്ട വരകളുടെയും വസ്തുനിഷ്ഠമല്ലാത്ത ചിഹ്നങ്ങളുടെയും ദ്വിമാനപ്രതിപാദനമാണ് ഭൂപടം. ❑




തടാകം ക്രിസ്ത ശിഷ്യ ആശ്രമം സ്ഥാപകനായ ബിഷപ്പ് പെക്കൻ ഹാം വാൾഷ് പിതാവിന്റെ സഹധർമ്മിണി ക്ലാര വാൾഷിന്റെ 65–ാം ഓർമ്മ ദിനം ആശ്രമത്തിന്റെ വിസിറ്റർ ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസിന്റെ പ്രധാന കാർമികത്വത്തിൽ ആചരിച്ചു.



ഡൽഹി ഹൗസ്കാസ് പള്ളി ജൂബിലി ആഘോഷം ബഥനിയിൽ നടത്തി

റാന്നി: ബഥനി ആശ്രമം 1918–ൽ സ്ഥാപിച്ചപ്പോൾ അതിന്റെ സ്ഥാപനോദ്ദേശ്യങ്ങളിൽ ഒന്നാണ് കേരളത്തിനു പുറത്തുള്ള മിഷനു വേണ്ടിയുള്ള ഒരു സെമിനാരി. അതോടൊപ്പം ഒരു മിഷണറി കമ്മ്യൂണിറ്റി. 1930 വരെയുള്ള അതിന്റെ ആദ്യ പാദത്തിൽ ബ്രഹ്മവാറിന്റെ മിഷന്റെ ചുമതല ആശ്രമ ആബോ അലക്സിയോസ് മാർ തേവോദോസ്യോസ് വഹിച്ചെങ്കിലും കാര്യമായ വിദേശ മിഷൻ നടന്നില്ല. രണ്ടാം പാദമായ 1930 മുതൽ 1953 വരെയുള്ള കാലഘട്ടത്തിലാണ് ബാഹ്യകേരള മിഷൻ സ്ഥാപിച്ചു അദ്ദേഹം ലണ്ടൻ, മലേഷ്യ, തുടങ്ങിയ വിദേശ രാജ്യങ്ങളിലും കൊയമ്പത്തൂർ മദ്രാസ് കുന്നൂർ ബോംബെ, കൽക്കത്ത, സെക്കദരബാദ്, ജബൽപൂർ തുടങ്ങി ഒരു ഡസനിലേറെ പള്ളികൾ സ്ഥാപിക്കുന്നതിന് നേതൃത്വം കൊടുത്തത്.

1953 മുതൽ 1961 വരെയുള്ള കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സഹായ മെത്രാപ്പോലീത്തയായി മാത്യൂസ് മാർ അത്താനാസ്യോസ് (പ. മാത്യൂസ് പ്രഥമൻ ബാവാ) നിയമിതനായി. അദ്ദേഹം ബാഹ്യകേരള മിഷനെ ഭദ്രാസനമാക്കി. 1952–ൽ മാർ തേവോദോസിയോസ് ഡൽഹിയിൽ പള്ളിക്ക് അടിസ്ഥാനമിട്ടതിന്റെ 75 വർഷ ജൂബിലി ആഘോഷം ഡൽഹി ഹൗസ്കാസ് പള്ളി ബഥനിയിൽ വച്ച് നടത്തി.



ഇന്ത്യൻ വൈ.എം.സി.എ യുടെ ന്യൂഡൽഹിയിലെ കെ. ടി. പോൾ സ്മാരക ആസ്ഥാനത്തിന്റെയും വൈ.എം.സി.എ ഹോസ്റ്റലിന്റെയും ഉപാധ്യക്ഷനായി ജോജി പി. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ മാനേജിംഗ് കമ്മിറ്റി അംഗം, വൈ.എം.സി.എ തിരുവല്ല സബ് റീജിയൺ ചെയർമാൻ, കേരളാ കൗൺസിൽ ഓഫ് ചർച്ചസ് കറന്റ് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. തിരുവല്ല കാവുംഭാഗം കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമാണ്.



Saju George John Honoured as Abu Dhabi Celebrates Guinness World Record Achievement

A Tribute to Faith, Service, and Unwavering Dedication in the Heart of the UAE

Abu Dhabi, UAE: In a moment of well-deserved recognition, Abu Dhabi salutes Mr. Saju George John, a towering figure of dedication whose quiet commitment has left an indelible mark on the community and beyond.

A devoted member of St. George Orthodox Cathedral Abu Dhabi, Saju has long been the backbone of spiritual outreach and fellowship in the capital. Through his tireless work in circulating Sharma Khabar and nurturing faith-led initiatives, he has become a beacon of inspiration for countless families across the UAE.





The MGOCSM and OCYM Chennai Region Annual General Body Meeting and Leaders' Meet was held at Mehta Nagar Aramana on 13 June 2026. The meeting was presided over by H. G. Geevarghese Mar Philoxenos Metropolitan and was welcomed by MGOCSM and OCYM Diocesan Vice President Fr.Jithin Joy Mathew




കണ്ടനാട് വെസ്റ്റ് ഭദ്രാസന വനിതാ സമാജം വാർഷിക സമ്മേളനം കണ്ണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്തു.



വൈ.എം.സി.എ ആലപ്പുഴ സബ് റീജിയൻ സീനിയർ സിറ്റിസൺ കൺവീനറായി തെരെഞ്ഞെടുക്കപ്പെട്ട ഫാ. സന്തോഷ് വി. ജോർജ്ജ്.

പുസ്തകം



കർമ്മധീരൻ

ഒരു ഇടയന്റെ ജീവിതം

(ശെമവൂൻ മാർ ദീവന്നാസ്യോസ്: ജീവിതരേഖകൾ)

റ്റിബിൻ ചാക്കോ തേവർവേലിൽ

കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും രണ്ടാമത്തെ മലങ്കരസഭാചരിത്ര ഗ്രന്ഥമായ കണ്ടനാട് ഗ്രന്ഥവരിയുടെ രചയിതാവുമായ ശെമവൂൻ മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രവും സംഭാവനകളും ഈ ഗ്രന്ഥത്തിൽ ചുരുൾ നിവരുന്നു.

അവതാരിക: ഡെറിൻ രാജു

സോഫിയാ ബുക്സ്
കോട്ടയം



അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 14-ാമത് സെന്റ് ഡയനീഷ്യസ് എവർ റോളിംഗ് ട്രോഫി പ്രസംഗ മത്സരം ജൂൺ 14 ഞായറാഴ്ച അലൈൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്നു. ഫാ. തോമസ് പുരയ്ക്കൽ പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. ഇടവക വികാരി ഫാ. മാത്യു വർഗീസ് അധ്യക്ഷനായിരുന്ന ഉദ്ഘാടന സമ്മേളനത്തിൽ ഓ.സി.വൈ.എം. യുഎഇ സോണൽ പ്രസിഡന്റ് ഫാ. ഏബ്രഹാം മാത്യു പരിപാടികൾ ഉദ്ഘാടനം ചെയ്തു.

പത്ത് മത്സരാർത്ഥികൾ മാറ്റുരച്ച പ്രസംഗ മത്സരത്തിൽ ബ്ലെസി രാജൻ (ദുബായ് സെന്റ് തോമസ് യുവജനപ്രസ്ഥാനം) ഒന്നാം സ്ഥാനവും, സിജി രെഞ്ചു (ഷാർജ സെന്റ് ഗ്രിഗോറിയോസ് യുവജനപ്രസ്ഥാനം) രണ്ടാം സ്ഥാനവും ജോയാസ് മറിയം ഏലിയാസ് (അൽ ഐൻ സെന്റ് ഡയനീഷ്യസ് യുവജനപ്രസ്ഥാനം) മൂന്നാം സ്ഥാനവും കരസ്ഥമാക്കി.